# തിരുഹൃദയ മാസിക
(Sacred Heart Monthly)

**Vol. 80**
**2015 December**


**സമർപ്പിത വർഷം**

80
Years of
Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam


*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- ഇടയലേഖനം
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ- പ്രോഗ്രാം
- ചൈതന്യ കമ്മീഷൻസ്
- വിശ്വാസപരിശീലന കമ്മീഷൻ
- ബൈബിൾ കമ്മീഷൻ
- ഫാമിലി കമ്മീഷൻ
- ചെറുപുഷ്പ മിഷൻലീഗ്
- തിരുബാലസഖ്യം
- കെ.സി.ഡബ്ല്യു.എ
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- അഭി. പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ



## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Pastoral Letter No XXV

The Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686 001.

## ദൈവകൃപയാൽ
## കോട്ടയം അതിരൂപതയുടെ
## മെത്രാപ്പോലീത്ത

## മാർ മാത്യു മൂലക്കാട്ട്

*തന്റെ സഹശുശ്രൂഷികളായ വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനവും ആശംസിക്കുന്നു.*

ഈശോമിശിഹായിൽ വന്ദ്യ സഹോദരങ്ങളേ, പ്രിയ മക്കളേ,

ലോകരക്ഷകനായ ഈശോയ്ക്കു വഴിയൊരുക്കാൻ ആഗതനായ സ്നാപകയോഹന്നാന്റെ അത്ഭുതകരമായ ജനനത്തിൽ ആഹ്ലാദിച്ചുകൊണ്ടു യോഹന്നാന്റെ പിതാവായ സഖറിയ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് വരാനിരിക്കുന്ന രക്ഷകനെപ്പറ്റി നടത്തുന്ന പ്രവചനത്തിൽ നാം ഇപ്രകാരം ശ്രവിക്കുന്നു. "നമ്മുടെ പിതാക്കന്മാരോടു വാഗ്ദാനം ചെയ്ത കാരുണ്യം നിവർത്തിക്കാൻ ദൈവം തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തി." (ലൂക്കാ 1:72)

പാപംമൂലം തന്നിൽനിന്നകന്നു പോയ മനുഷ്യനെ പരിത്യജിക്കാതെ പാപാവസ്ഥയിൽ നിന്നും അവനെ വിമോചിപ്പിച്ച് നഷ്ടപ്പെട്ട സൗഭാഗ്യം അവനു തിരികെ നല്കാൻ തിരുമനസ്സായ ദൈവത്തിന്റെ അനന്തകാരുണ്യത്തെ അനുസ്മരിപ്പിച്ചുകൊണ്ടാണ് മനുഷ്യാവതാരമെന്ന മഹാരഹസ്യം പ്രഘോഷിക്കുന്ന മംഗളവാർത്താക്കാലം നമ്മെ മാടിവിളിക്കുന്നത്. എല്ലാദിവസവും ഏതു സാഹചര്യത്തിലും നമ്മെ നിരന്തരം വലയം ചെയ്തു സംരക്ഷിക്കുന്ന ഈ ദൈവകാരുണ്യാനുഭവം ആസ്വദിക്കാനും സഹോദരങ്ങളിലേക്കും സഹജീവികളിലേക്കും സൃഷ്ടപ്രപഞ്ചത്തിലേക്കു മുഴുവനും ഈ കാരുണ്യം നിരന്തരം പ്രസരിപ്പിക്കാനും ഈശോയുടെ മനുഷ്യാവതാരം ആഹ്വാനം ചെയ്യുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കാരുണ്യവർഷത്തിന്റെ വാതിൽ നമുക്കായി തുറക്കപ്പെടുന്നു എന്നത് ഈ വർഷത്തെ മംഗളവാർത്താക്കാലത്തിന്റെ സവിശേഷതയാണ്. കാരുണ്യത്തിന്റെ ഈ അസാധാരണ ജൂബിലി വർഷം സാർവ്വത്രിക സഭയിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെടുന്നത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ ആചരിക്കുന്ന ഡിസംബർ 8-ാം തീയതിയാണ്. 2015 ഡിസംബർ 8-ാം തീയതിയുടെ മറ്റൊരു പ്രത്യേകത രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപനത്തിന്റെ 50-ാം വാർഷികമാണത് എന്നുള്ളതാണ്. കാരുണ്യത്തിന്റെ കൗൺസിൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് വിശുദ്ധ ജോൺ 23-ാമൻ മാർപാപ്പ പറഞ്ഞ വാക്കുകൾ ഫ്രാൻസീസ് മാർപാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നു. “ഇപ്പോൾ ക്രിസ്തുവിന്റെ മണവാട്ടി ക്രൂരതയുടെ ആയുധങ്ങളെടുക്കുന്നതിനു പകരം കാരുണ്യത്തിന്റെ ഔഷധം ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു.” വാഴ്ത്തപ്പെട്ട പോൾ ആറാമൻ മാർപാപ്പ “നല്ല സമരായന്റെ പുരാതനകഥ കൗൺസിലിന്റെ ആദ്ധ്യാത്മികതയുടെ മാതൃകയായിരുന്നു” എന്നും “വാത്സല്യത്തിന്റെയും വിസ്മയത്തിന്റെയും തിരമാല ആധുനിക മനുഷ്യവംശത്തിന്മേൽ ഈ കൗൺസിലിലൂടെ പ്രവഹിച്ചു” എന്നും പറഞ്ഞുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപിപ്പി

ച്ചത്. കൗൺസിലിൽ ഉരുത്തിരിഞ്ഞ കാരുണ്യത്തിന്റെ ഈ ഉൾക്കാഴ്ചയിൽ ആഗോളസഭയെ മുഴുവൻ ഉൾച്ചേർത്തുകൊണ്ടാണ് ഫ്രാൻസീസ് മാർപാപ്പ കാരുണ്യവർഷം ഈ മംഗളവാർത്താക്കാലത്തിന്റെ ആരംഭത്തിൽ നമുക്കായി തുറന്നു തരുന്നത്. പരിശുദ്ധ പിതാവിന്റെ ആഹ്വാനം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഡിസംബർ മാസം 13-ാം തീയതി ഞായറാഴ്ച നമ്മുടെ ക്രിസ്തുരാജ കത്തീഡ്രലിൽ നാം കരുണയുടെ കവാടം ഔദ്യോഗികമായി തുറക്കുകയാണ്. കരുണയുടെ ഈ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ഈ വാതിലിലൂടെ അകത്തു പ്രവേശിക്കാനും നിത്യാരാധന ചാപ്പലിൽ ദിവ്യനാഥനോടൊത്തായിരിക്കാനും ദൈവകാരുണ്യത്തെ നമ്മുടെ ഹൃദയസ്പന്ദനത്തിന്റെ അവിഭാജ്യഭാഗമാക്കി മാറ്റാനും എല്ലാ വിശ്വാസികൾക്കും സാധിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

അമിതമായ ആസക്തികളാൽ കലുഷിതമാകുന്ന ആധുനിക മനുഷ്യ മനസ്സിനെ അടക്കിവാഴാൻ പരിശ്രമിക്കുന്ന അത്യാഗ്രഹത്തിന്റെയും അതിരറ്റ സ്വാർത്ഥതയുടെയും പിടിയിൽ നിന്ന് അതിനെ മോചിപ്പിക്കാനും പരിചരണത്തിന്റെയും പരിപാലനത്തിന്റെയും മനോഭാവത്തോടെ പ്രപഞ്ചത്തെ സമീപിക്കാനും "അങ്ങേക്കു സ്തുതി" എന്ന ചാക്രികലേഖനത്തിലൂടെ നമ്മെ ആഹ്വാനം ചെയ്ത പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ "ക്രിസ്ത്യാനികൾ ഉള്ള സ്ഥലത്തെല്ലാം ഓരോ വ്യക്തിയും കാരുണ്യത്തിന്റെ മരുപ്പച്ച കാണണം" എന്ന സന്ദേശമാണ് ഈ ജൂബിലി വർഷാചരണത്തിലൂടെ നമുക്ക് നല്കുന്നത്. "കാരുണ്യത്തിന് നല്കുന്ന സാക്ഷ്യമില്ലാതിരുന്നാൽ ജീവിതം ഫലരഹിതവും വന്ധ്യവുമായി തീരുമെന്നും ഒരിക്കൽകൂടി കാരുണ്യത്തിലേക്കുള്ള സന്തോഷപ്രദമായ വിളി സഭ ഏറ്റെടുക്കാൻ സമയമായി" എന്നും പരിശുദ്ധ പിതാവു നമ്മെ അനുസ്മരിപ്പിക്കുന്നു.

ദൈവകാരുണ്യത്തിന്റെ ഏറ്റവും ഹൃദ്യമായ അനുഭവം ആത്മാവിൽ കുളിർമഴയായി പെയ്തിറങ്ങുന്ന അനുരഞ്ജന കൂദാശയുടെ അർത്ഥപൂർണ്ണമായ സ്വീകരണത്തിലൂടെ തിന്മയുടെ ശക്തികളെ നമുക്ക് നിർമ്മാർജ്ജനം ചെയ്യാം. ദൈവകാരുണ്യത്തിന്റെ അനുഭ

വത്തിലേക്ക് അനുരഞ്ജന കൂദാശയിലൂടെ കടന്നുചെല്ലുന്നവർക്ക് സഹോദരങ്ങളോട് ഹൃദയപൂർവ്വം ക്ഷമിക്കാതിരിക്കാൻ സാധിക്കയില്ല. “ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ” (മത്താ 18:33) എന്ന ചോദ്യം നാം അവഗണിക്കരുത്. മറ്റുള്ളവരെ വിധിക്കുകയോ ശപിച്ചു തള്ളുകയോ മുൻവിധിയോടെ വീക്ഷിക്കുകയോ ചെയ്യാതെ അവരുടെ നന്മകൾ എടുത്തുപറഞ്ഞ് സമൂഹത്തിൽ ഐക്യവും സമാധാനവും വളർത്താൻ നാം പരിശ്രമിക്കണം. ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവർത്തികളിലൂടെ ദൈവകാരുണ്യം പൊതുസമൂഹത്തിൽ പ്രതിഫലിപ്പിക്കുവാൻ നാം പരിശ്രമിക്കണം. വിവിധ മതവിഭാഗങ്ങൾക്കിടയിൽ ഐക്യവും ആദരവും വളർത്താൻ പരിശ്രമിക്കുന്നതും കാരുണ്യത്തിന്റെ അടയാളമാണ്. അഴിമതിയ്ക്കും അനീതിക്കുമെതിരെ ധീരമായി പോരാടാനും മനുഷ്യനെ അടിമയാക്കുന്ന എല്ലാവിധ ചൂഷണങ്ങൾക്കുമെതിരെ പ്രതികരിക്കാനും ദൈവകാരുണ്യത്തിന്റെ അനുഭവം നമുക്ക് ശക്തിപകരുന്നു. എല്ലാവരോടും ഹൃദയപൂർവ്വം ക്ഷമിക്കുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ കാരുണ്യത്തിൽ പങ്കുചേർന്ന് പ്രത്യാശയോടെ ഭാവിയിലേക്കു നോക്കാനുള്ള ധീരത നമുക്ക് സ്വായത്തമാക്കാം.

സ്നേഹമുള്ളവരേ, ആധുനിക ജീവിതത്തിന്റെ ആകുലതകളാൽ അസ്വസ്ഥമാകുന്ന നമ്മുടെ ജീവിതങ്ങളെ ദൈവസ്നേഹത്താൽ ഉഴുതുമറിച്ചു കാരുണ്യത്തിന്റെ വിത്ത് വിതയ്ക്കാൻ ഈ മംഗളവാർത്താക്കാലം നമ്മോടാവശ്യപ്പെടുന്നു. “നമ്മുടെ ദൈവത്തിന്റെ കാരുണ്യാതിരേകം കൊണ്ട് ഉയരത്തിൽ നിന്നുള്ള ഉദയ രശ്മി നമ്മെ സന്ദർശിക്കുന്ന” (ലൂക്കാ 1:78) ഈ മംഗളവാർത്തക്കാലം ദൈവകാരുണ്യ അനുഭവത്തിന്റെ അവസരമാക്കി മാറ്റാൻ നമുക്ക് പ്രത്യാശയോടെ പരിശ്രമിക്കാം. വചനത്തിനു മാംസം നല്കി ദൈവകാരുണ്യത്തിന്റെ മൂർത്തരൂപമായ ഈശോയെ നമുക്ക് നല്കിയ പരിശുദ്ധ അമ്മയെപ്പോലെ കരുണയുടെ വിളനിലങ്ങളായി നമ്മുടെ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്താം. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ നമുക്ക് സമ്മാനിച്ച ഈ അസാധാരണ ജൂബിലിവർഷം കാരുണ്യത്തിന്റെ കതിരുകളാൽ പ്രശോഭിതമായ ക്രൈസ്തവ

ചൈതന്യത്താൽ ഈ പ്രപഞ്ചത്തിനു മുഴുവൻ പ്രത്യാശയുടെ പുതു ജീവൻ പകരാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്,

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇടയനടുത്ത ആശീർവാദം നൽകുന്നു.

എന്ന് കോട്ടയം അതിരൂപതാകേന്ദ്രത്തിൽ നിന്നും 2015 നവംബർ 14-ാം തീയതി.

**✠മാർ മാത്യു മൂലക്കാട്ട്,**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത.

---

*NB.* ഈ ഇടയലേഖനം നവംബർ 29-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലിമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

# തൂവാനീസ പ്രോഗ്രാം

| | | |
|---|---|---|
| ഡിസംബർ | 10 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം<br>(ഫാ. ജോസ് വടകര, ബ്ര. അലക്സ് & ടീം) |
| | 12 | പരിശുദ്ധാത്മാഭിഷേക ധ്യാനം<br>(ഫാ. ജിബിൽ, ബ്രദർ തോമസ് കുര്യൻ & ടീം) |
| | 20 | ആന്തരിക വിശുദ്ധീകരണ ധ്യാനം<br>(ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം) |

# CHAITHANYA PROGRAMME
## December 2015

| *Date* | *Programme* |
|---|---|
| 1 | Social Action Commission Meeting |
| 4 | **KSSS Animators' Meeting** |
| 5 | Non Teaching Staff Meeting |
| 6 | Vincent de Paul Meeting |
| 6 | Federation Meeting |
| 7-8 | Dairy Field Staff Training |
| 9 | Legion of Mary Meeting |
| 10 | KSSS Coordinators' Meeting |
| 19 | Dairy Field Staff Training |
| 10-14 | International Conference ICMS |
| 12 | Catechism +2 Students One day Seminar |
| 12 | KSSS Cake Making Training |
| 12 | KSSS Alternative Lifestyle Training |
| 12 | KSSS Mushroom Cultivation Training |
| 12 | KSSS Ornament-making Training |
| 12 | KSSS Candle-making Training |
| 14 | KSSS Tailoring Training |
| 14 | KSSS Beautician Training |
| 14 | KSSS National Energy Conservation Day Observations |
| 14-19 | Co-operative Bank Employees Training |
| 15 | Bi-monthly Recollection of Rev. Priests |
| 17 | KSSS Health Awareness Camp for Elder ESHG Members |
| 17-19 | Pre-marriage Course |
| 19-20 | Snehapoorvam Training |
| 21 | KSSS Coordinators' Meeting & Federation Meeting |
| 21-23 | CML Joiners Camp |
| 27-28 | Batch Gathering of Fathers |
| 29 | KCSL Competition |

# ചൈതന്യ കമ്മീഷൻസ്

## ദിവ്യകാരുണ്യ കോൺഗ്രസ്

1964 ൽ മുംബൈയിൽ നടന്ന 38-ാമത് അന്തർ ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിന്റെ സുവർണ്ണ ജൂബിലി സ്മരണയിൽ ദിവ്യകാരുണ്യ കോൺഗ്രസ് മുംബൈയിൽ നടത്തപ്പെട്ടു. നവംബർ 12 മുതൽ 15 വരെ നടന്ന ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിന് മുംബൈ ഗൊരെഗവ് സെന്റ് പയസ് ടെൻത് കോളേജാണ് വേദിയായത്.

"ദിവ്യകാരുണ്യം: ക്രിസ്തുവിനാൽ പരിപോഷിക്കപ്പെട്ട് ജനങ്ങളിലേയ്ക്ക് എന്നതായിരുന്നു ദിവ്യകാരുണ്യ കോൺഗ്രസിന്റെ പ്രമേയം." ("Eucharist: Nourished by Christ to nourish others"). ക്രിസ്തുവിന്റെ ദിവ്യകാരുണ്യ സന്ദേശം പകരുന്നതിൽ ഇന്നത്തെ ഭാരതീയ സാഹചര്യങ്ങളിലെ പ്രസക്തിയും, വെല്ലുവിളികളും നാലു ദിവസത്തെ സമ്മേളനം ചർച്ച ചെയ്തു.

ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, ദിവ്യകാരുണ്യ എക്സിബിഷൻ, ഉത്തനിലുള്ള വേളാങ്കണ്ണി മാതാവിന്റെ തീർത്ഥാടന കേന്ദ്രത്തിലേക്കുള്ള പ്രതിനിധികളുടെ തീർത്ഥാടനം, പ്രബന്ധാവതരണം, ദിവ്യകാരുണ്യ അനുഭവ സാക്ഷ്യം എന്നിവയും ദിവ്യകാരുണ്യ കോൺഗ്രസിന്റെ ഭാഗമായി നടന്നു.

ഫ്രാൻസിസ് മാർപാപ്പായുടെ പ്രതിനിധിയായി കൊളംബോ ആർച്ച് ബിഷപ്പ് കർദിനാൾ ഡോ. മാൽകം രജ്ഞിത്ത് ദിവ്യകാരുണ്യ കോൺഗ്രസ്സിൽ പങ്കെടുത്തു. ഫ്രാൻസിസ് മാർപാപ്പാ വീഡിയോ കോൺഫറൻസിലൂടെ ദിവ്യകാരുണ്യ കോൺഗ്രസിലെ പ്രതിനിധികളെ അഭിസംബോധന ചെയ്ത് സന്ദേശവും ആശീർവ്വാദവും നൽകി.

ഇന്ത്യയിലെ സീറോ-മലബാർ, ലത്തീൻ, സീറോ-മലങ്കര സഭകളിലെ നാല് കർദ്ദിനാൾമാർ, 67 മെത്രാൻമാർ എന്നിവരും, ഭാരതത്തിലെ 167 രൂപതകളിൽ നിന്നും 5 പ്രതിനിധികൾ വീതവും കോൺഗ്രസിൽ പങ്കെടുത്തു.

മുംബൈ അതിരൂപതയാണ് ദിവ്യകാരുണ്യ കോൺഗ്രസിന് ആതിഥേയത്വം വഹിച്ചത്. കോട്ടയം അതിരൂപതയെ പ്രതിനിധീകരിച്ച് കമ്മീഷൻസ് കോർഡിനേറ്റർ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ, സി. റൂബി എസ്. ജെ. സി, ഡോ. ലൂക്കോസ് പുത്തൻപുരയ്ക്കൽ, ദിനൂപ് മലയിൽ, ഡെയ്സി പച്ചിക്കര എന്നിവർ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ പങ്കെടുത്തു.

## വിശ്വാസ പരിശീലന കോൺഗ്രസ്

സീറോ മലബാർ സഭയുടെ പ്രഥമ കാറ്റെക്കെറ്റിക്കൽ കോൺഗ്രസ് നവംബർ 25– 27 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ടു. കേരളത്തിലെ സീറോ മലബാർ രൂപതകളിലും, മിഷൻ രൂപതകളിലും പ്രവാസി സമൂഹങ്ങളിലും നടക്കുന്ന വിശ്വാസ പരിശീലനത്തെക്കുറിച്ച് കാറ്റെക്കെറ്റിക്കൽ കോൺഗ്രസ് അവലോകനം നടത്തി. വിശ്വാസ പരിശീലനത്തിന്റെ സാധ്യതകളെക്കുറിച്ചും ഇന്ന് വിശ്വാസ പരിശീലന രംഗം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. മതബോധന രംഗത്തെ പുതിയ കർമ്മപരിപാടികൾക്ക് പ്രഥമ കാറ്റെക്കെറ്റിക്കൽ കോൺഗ്രസ് രൂപം നൽകി.

സഭയുടെ എല്ലാ രൂപതകളിൽ നിന്നും മിഷൻ കേന്ദ്രങ്ങളിൽ നിന്നും പ്രവാസികളിൽ നിന്നുമായി 105 പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ കോട്ടയം അതിരൂപതയെ പ്രതിനിധീകരിച്ച് മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിനോടൊപ്പം വിശ്വാസ പരിശീലന കമ്മീഷൻ ചെയർമാൻ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ, കാറ്റെക്കെറ്റിക്കൽ കമ്മീഷൻ അംഗങ്ങളായ സിസ്റ്റർ ട്രീസ മരിയ എസ്.ജെ.സി, സി. അലക്സി എസ്.വി.എം, യു. കെ സ്റ്റീഫൻ എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തു.

## ക്നാനായ സ്റ്റാഴ്സ് സീനിയർ സംഗമം

കുട്ടികൾക്കും യുവജനങ്ങൾക്കും വളർച്ചയുടെ പാതയിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാനും ഉയർന്ന നേട്ടങ്ങൾ കൈവരിക്കാനും വഴിയൊരുക്കുക എന്ന ലക്ഷ്യത്തോടെ അതിരൂപത തുടക്കം കുറിച്ച കാർട്ടിന്റെ (ക്നാനായ അക്കാഡമിക് ഫോർ റിസേർച്ച് ആൻഡ് ട്രെയിനിംഗ്) നേതൃത്വത്തിൽ ക്നാനായ സ്റ്റാഴ്സ് സീനിയർ ബാച്ച് അംഗങ്ങളുടെ സംഗമം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. ക്നാനായ സ്റ്റാഴ്സ് പ്രോഗ്രാമിന്റെ ഗ്രാൻഡ് സ്പോൺസേഴ്സ് ആയ കാഞ്ഞിരത്തിങ്കൽ തോമസ്, അന്നാമ്മ ദമ്പതികളുടെ നേതൃത്വത്തിൽ ക്നാനായ സ്റ്റാഴ്സ് ആദ്യ രണ്ട് ബാച്ചുകളിലെ 28 അംഗങ്ങളാണ് സംഗമത്തിൽ ഒത്തു ചേർന്നത്.

കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് സംഗമം ഉദ്ഘാടനം ചെയ്തു. കാർട്ട് അക്കാഡമിക് ഡയറക്ടർ ഫാ. തോമസ് കോട്ടൂർ മുഖ്യപ്രഭാഷണം നടത്തി. തോമസ് കാഞ്ഞിരത്തിങ്കൽ സന്ദേശം നൽകി. ഫാ. ബിൻസ് ചേത്തലിൽ, ഫാ. ബിബിൻ കണ്ടോത്ത് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# വിവാഹ ഒരുക്ക സെമിനാർ

വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന യുവതിയുവാക്കളെ പ്രബുദ്ധരാക്കുന്നതിനും പാവനമായ കുടുംബ ജീവിതത്തിന്റെ മഹത്വം അവരെ ബോധ്യപ്പെടുത്തുന്നതിനും വേണ്ടി നവംബർ 12 മുതൽ 14 വരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെട്ടു. 56 പേർ വിവാഹ ഒരുക്ക സെമിനാറിൽ സംബന്ധിച്ചു.

# ഡിസംബർ, ജനുവരി മാസത്തിലെ ചൈതന്യ കമ്മീഷൻസ് പ്രവർത്തനങ്ങൾ

| തിയതി | പ്രോഗ്രാം |
|---|---|
| 1 | സോഷ്യൽ ആക്ഷൻ കമ്മീഷൻ മീറ്റിംഗ് |
| 5 | നോൺ ടീച്ചിംഗ് സ്റ്റാഫ് മീറ്റിംഗ് |
| 6 | സെന്റ് വിൻസെന്റ് ഡി പോൾ ഏകദിന സെമിനാർ |
| 9 | ലീജിയൺ ഓഫ് മേരി (ഏകദിന ക്യാമ്പ്) |
| 12 | വിശ്വാസ പരിശീലനം : ഏകദിന ക്യാമ്പ് (പ്ലസ് ടു വിദ്യാർത്ഥികൾക്ക്) |
| 15. | Bi-monthly (കോട്ടയം അതിരൂപത വൈദികർ) |
| 17–19 | വിവാഹ ഒരുക്ക സെമിനാർ |
| 21–23 | മിഷൻ ലീഗ് ജൂനിയേഴ്സ് മീറ്റിംഗ് |
| 29 | കെ. സി. എസ്. എൽ (അതിരൂപതാതല മത്സരം) |
| | **ജനുവരി 2016** |
| 1, 2, 3 | കെ. സി. വൈ. എൽ (അതിരൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്, ക്യാമ്പ്) |
| 4 | കെ. സി. സി (ജനറൽ ബോഡി മീറ്റിംഗ്) |
| 7, 8, 9 | വിവാഹ ഒരുക്ക സെമിനാർ |
| 15 | തിരുബാല സഖ്യം (അതിരൂപതാതല മത്സരം) |
| 18, 19, 20 | വിവാഹ ഒരുക്ക സെമിനാർ |

**ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
കോർഡിനേറ്റർ, ചൈതന്യ കമ്മീഷൻസ്

# വിശ്വാസപരിശീലന കമ്മീഷൻ

## വിശ്വാസ വിരുന്ന് തീയതികളിൽ മാറ്റം

വിശ്വാസ പരിശീലന കലണ്ടറിൽ അറിയിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി വിശ്വാസ വിരുന്നിന്റെയും 1-9 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വർഷാവസാന പരീക്ഷയുടെയും തിയതികളിൽ മാറ്റം ഉണ്ടായിരിക്കുന്നതാണ്. വിശ്വാസ വിരുന്ന്: 2016 ഏപ്രിൽ 4 മുതൽ 8 വരെ തിയതികളിലും കുട്ടികളുടെ പരീക്ഷ 8-ാം തിയതി ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയും നടത്തപ്പെടുന്നതാണ്.

## ലോഗോ മത്സരം

കോട്ടയം അതിരൂപതയിൽ വിശ്വാസ പരിശീലനം നേടുന്ന 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അതിരൂപതാതല ലോഗോ മത്സരം ഡിസംബർ 20-ാം തിയതി ഞായറാഴ്ച അതാത് സൺഡേ സ്കൂളുകളിൽ നടത്തപ്പെടുന്നു. ഓരോ സൺഡേ സ്കൂളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മികച്ച മൂന്ന് ലോഗോകൾ ഡിസംബർ 30-ാം തിയതിക്ക് മുമ്പായി അതിരൂപതാ വിശ്വാസ പരിശീലന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അതിരൂപതാതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച മൂന്നു ലോഗോകൾക്ക് ആകർഷകമായ സമ്മാനം നൽകുന്നതും ഒന്നാം സ്ഥാനം നേടുന്ന ലോഗോ അതിരൂപതാ വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ ലോഗോയായി തിരഞ്ഞെടുക്കുന്നതുമാണ്.

**ലോഗോ നിബന്ധനകൾ**

1. സഭാപരമായിരിക്കണം 2. ക്രിസ്തീയമായിരിക്കണം 3. വിശ്വാസ പരിശീലനത്തോടു ബന്ധപ്പെട്ടതായിരിക്കണം

## ഉപന്യാസ മത്സരം

അതിരൂപതയിൽ വിശ്വാസ പരിശീലകർക്കായി 'വിശ്വാസ പരിശീലകർ ഈശോയുടെ കാരുണ്യത്തിന്റെ സംവാഹകർ' എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ മത്സരം നടത്തുന്നു. 5 പുറത്തിൽ കവിയാതെ എഴുതുന്ന ഉപന്യാസം ഡിസംബർ 30-ാം തിയതിക്ക് മുമ്പായി വിശ്വാസ പരിശീലന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## വിശ്വാസ പരിശീലന ദിനം

വിശ്വാസ പരിശീലന ദിനമായ ഡിസംബർ 13 ഇടവകകളിൽ സമുചിതമായി ആഘോഷിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**ഫാ. ജിജോ നെല്ലിക്കാകത്തിൽ**
വിശ്വാസ പരിശീലന കമ്മീഷൻ ചെയർമാൻ

# ബൈബിൾ കമ്മീഷൻ

## കമ്മീഷൻ 2015–16 ൽ ആഗ്രഹിക്കുന്ന ശുശ്രൂഷകൾ

**ബൈബിൾ വായന**

ഈ വർഷം നമ്മൾ എല്ലാവരും സമ്പൂർണ്ണ ബൈബിൾ ധ്യാനപൂർവ്വം വായിച്ചു അല്ലെങ്കിൽ ശ്രദ്ധാപൂർവ്വം ശ്രവിച്ചു എന്നുറപ്പു വരുത്തുക. 95 മണിക്കൂർ കൊണ്ട് സമ്പൂർണ്ണ ബൈബിൾ വായിച്ചു തീർക്കാവുന്നതാണ്. (ദിവസം 3 1/2 മണിക്കൂർ വായിച്ചാൽ 27 ദിവസം = ബൈബിൾ പാരായണ മാസം) വീട്ടിലോ കൂടാരയോഗങ്ങളിലോ, ഇടവകയിലോ, ഫൊറോനയിലോ ബൈബിൾ വായന സംഘടിപ്പിക്കാവുന്നതാണ്. ഒരു പരിപാടിയാകാതെ പഠന ശുശ്രൂഷയായി ക്രമപ്പെടുത്താൻ ശ്രദ്ധിക്കുക. ആവശ്യപ്പെടുന്ന പക്ഷം 3 1/2 മണിക്കൂർ വീതം ഒരു മാസംകൊണ്ടു വായിക്കാവുന്ന ക്രമം അയച്ചുതരുന്നതാണ്. ഡിസംബർ ബൈബിൾ മാസമാകയാൽ പാരായണമാസമാക്കുന്നതു അർത്ഥവത്താണ്.

**ബൈബിൾ ഞായർ ഡിസംബർ 27**

തിരുവചനത്തെ സ്നേഹിക്കാൻ പ്രേരകമാകുന്ന സെമിനാറുകൾ, കലാവിഷ്കാരങ്ങൾ, മത്സരങ്ങൾ എന്നിവയിലൂടെ സമ്പന്നമാക്കാൻ ശ്രദ്ധിക്കുമല്ലോ.

**ബൈബിൾ പഠനം ഫൊറോനകളിൽ**

പി.ഒ.സി.യുമായി ചേർന്ന് ഫൊറോന തലങ്ങളിൽ സമ്പൂർണ്ണ ബൈബിൾ പഠനത്തിവസരമൊരുക്കുന്നു. ഒരു ഫൊറോനയിൽ നിന്നും 30 പേരെയാണു പ്രതീക്ഷിക്കുന്നത്. 18–50 വയസ്സിനിടയിലുള്ള താൽപര്യവും അത്യാവശ്യം വിദ്യാഭ്യാസവുമുള്ള 2–4 പേരെവീതം ഓരോ ഇട

വകയിൽ നിന്നും തിരഞ്ഞെടുത്തയച്ചാൽ പഠന പരമ്പര വിജയിപ്പിക്കാം. പഠന ക്രമീകരണങ്ങൾ ഫൊറോനയിലെ ഉത്തരവാദിത്വമുള്ള അച്ചനും ഫൊറോനയിലെ ബൈബിൾ കമ്മീഷൻ അംഗവുംകൂടി ചെയ്യാവുന്നതാണ്. ക്ലാസ്സെടുക്കുവാനുള്ള വ്യക്തികളെ കമ്മീഷൻ സംഘടിപ്പിക്കുന്നതാണ്. 2016 ജനുവരിയിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

**മെഗാക്വിസ് 2016**

2016 സെപ്തംബർ രണ്ടാം വാരത്തിൽ "ഫാമിലി മെഗാ ക്വിസ്" സംഘടിപ്പിക്കുന്നു. ഒരു കുടുംബത്തിലെ നാലു പേരാണു ടീം. ഇടവക, ഫൊറോന തലങ്ങളിൽ മത്സരിച്ചു വിജയിച്ചു വരുന്നവരാണ് പങ്കെടുക്കുക. (ഇടവകയിലും ഫൊറോനയിലും മത്സരം നിർബന്ധമാണ്) ഒരു ഫൊറോനയിൽ നിന്ന് ഒരു ടീം 25000/-, 20000/-, 15000/- രൂപ എന്നിങ്ങനെ സമ്മാനം. മറ്റു ടീമുകൾക്ക് 5000/ രൂപ പ്രോത്സാഹന സമ്മാനം. ഡിവൈൻ വിഷൻ പ്രക്ഷേപണം ചെയ്യും. 2016 ലോഗോസ് പഠന ഭാഗങ്ങൾ, ക്നാനായ സമുദായം, സഭ എന്നിവ പഠന ഭാഗങ്ങൾ.

**പഴയ ബൈബിൾ ശേഖരിക്കുന്നു**

പഴയ ബൈബിളുകൾ, ഓശാന ബൈബിൾ, സത്യവേദ പുസ്തകം എന്നിവ എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുന്നുണ്ടാവും അവയെല്ലാം പള്ളികളിൽ ശേഖരിച്ച് ബൈബിൾ കമ്മീഷൻ ഏറ്റുവാങ്ങുന്നതാണ്. വടക്കെ ഇന്ത്യയിൽ ഗോത്രഭാഷകളിൽ ബൈബിൾ അച്ചടിക്കുന്നതിനും പൾപ്പ് ആക്കുന്നതിന് ഫിയാത്ത് മിഷനെ ഏൽപ്പിക്കുന്നതാണ്.

## മൂന്ന് തീർത്ഥയാത്രകൾ

**യൂറോപ്പ് തീർത്ഥയാത്ര - ഏപ്രിൽ രണ്ടാം വാരം**

ഏപ്രിൽ രണ്ടാം വാരം 16 ദിവസംകൊണ്ട് സ്വിറ്റ്സർലണ്ട്, ഫ്രാൻസ്, സ്പെയിൻ പോർച്ചുഗൽ, ഇറ്റലി, വത്തിക്കാൻ എന്നീ രാജ്യങ്ങളിലെ വിശുദ്ധയിടങ്ങൾ സന്ദർശിക്കുന്നു. വിശുദ്ധ പത്താം പീയൂസിന്റെ ദൈവാലയം, ക്നാനായ കൂട്ടായ്മ, പരിശുദ്ധ പിതാവിനെ സന്ദർശിക്കൽ സവിശേഷതകളാണ്.

**25-ാമത് വിശുദ്ധനാട് തീർത്ഥയാത്ര ഒക്ടോബർ രണ്ടാംവാരം**

12 ദിവസത്തെ തീർത്ഥയാത്രയിൽ, വിശേഷാൽ, ലോകാത്ഭുതങ്ങളിൽപ്പെട്ട പേത്ര (ജോർദ്ദാൻ) കാർമ്മൽ മലനിരകൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

**26-ാമത് വിശുദ്ധനാട് തീർത്ഥയാത്ര ഒക്ടോബർ രണ്ടാംവാരം**

10 ദിവസത്തെ തീർത്ഥയാത്ര ജോർദ്ദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത് എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

## ലോഗോസ് ക്വിസ് 2016

ആറു ലക്ഷത്തിലേറേ പേർ പങ്കെടുക്കുന്ന മത്സരത്തിൽ നമ്മുടെ രൂപതയിൽ നിന്നും 15000 ൽ താഴെ പേർ മാത്രമേ പങ്കെടുക്കുന്നുള്ളു. പഠന സഹായി, പാരായണ സാധ്യത എന്ന നിലയിൽ മികച്ച മത്സരമാണ്. ഈ വർഷം 25000 പേരെയെങ്കിലും പങ്കെടുപ്പിക്കാൻ ശ്രമിക്കും. ലോഗോസ് ക്വിസ് 2016 പഠന ഭാഗം സംഖ്യ 11-21 അധ്യായങ്ങൾ, സുഭാഷിതങ്ങൾ 10-20 അധ്യായങ്ങൾ, യോഹന്നാൻ 13-21 അധ്യായങ്ങൾ, വെളിപാട് 1-3 അധ്യായങ്ങൾ. രൂപത പരീക്ഷ തിയതി 2016 സെപ്തംബർ 25.

## ബൈബിൾ കലോത്സവം

അതിരൂപത ബൈബിൾ കലോത്സവം 2016 ഒക്ടോബർ മാസത്തിൽ സംഘടിപ്പിക്കുന്നു. ഇടവക ഫൊറോനതല വിജയികളാണ് പങ്കെടുക്കുന്നത്.

## ബൈബിൾ സമ്മാനമാകാം

ആഘോഷങ്ങൾക്കും മത്സരങ്ങൾക്കും സമ്മാനം നൽകാൻ സമ്പൂർണ്ണ ബൈബിളിന്റെ സിഡി, പെൻഡ്രൈവ് എന്നിവ പി.ഒ.സി. തയ്യാറാക്കിയിട്ടുണ്ട്. യാത്രാവേളകളിൽ വചനം ശ്രവിക്കാൻ സഹായിക്കും. ആവശ്യമുള്ളവർക്ക് രൂപത കമ്മീഷൻ സബ്സിഡി തരുന്നതാണ്.

## കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയിലെ അംഗങ്ങൾ

തിരുവചന ശുശ്രൂഷയിൽ പങ്കുചേരാനും ശക്തിപ്പെടുത്താനുമുള്ള സുവർണ്ണാവസരം. സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി വർഷത്തിൽ ആരംഭിച്ച സൗജന്യ ബൈബിൾ വിതരണത്തിൽ പങ്കാളികൾ ആവുക.

പങ്കാളികളാവുന്നവർക്ക് എല്ലാ വർഷവും നിശ്ചിത ബൈബിൾ കുറഞ്ഞ നിരക്കിൽ ലഭിക്കുന്നതാണ്. ബൈബിൾ സംബന്ധമായ ഒരു പുസ്തകം എല്ലാ വർഷവും സൗജന്യമായി ലഭിക്കും.

| | | |
|---|---|---|
| വ്യക്തിഗത അംഗത്വം | 1000 (സ്പെഷ്യൽ) | 2000 (ലൈഫ്) |
| സ്ഥാപനങ്ങൾ | 2000 (ലൈഫ് ) | 20000 (സ്പോൺസർ) |
| ഇടവകകൾ | 5000 (ഓർഡിനറി) | 20000 (ലൈഫ്) |

വ്യക്തികളെയും സ്ഥാപനങ്ങളെയും അംഗത്വമെടുക്കാൻ പ്രേരിപ്പിക്കുമല്ലോ. അങ്ങയുടെ ഇടവക അംഗത്വമെടുക്കാൻ സന്നദ്ധമായിരിക്കുമല്ലോ.

**ഫാ. ജോർജ് പുതുപ്പറമ്പിൽ**
ചെയർമാൻ, ബൈബിൾ കമ്മീഷൻ

# ഫാമിലി കമ്മീഷൻ

## ബോധവൽകരണ സെമിനാർ

എം.റ്റി.പി. ആക്റ്റിനെതിരെ, കടുത്തുരുത്തി ഫൊറോനായുടെ കീഴിലുള്ള എല്ലാ ഇടവകകളിലും ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. ഫാമിലി കമ്മീഷൻ ചെയർമാൻ റവ.ഡോ. ബ്രസ്സൻ ഒഴുങ്ങാലിൽ പ്രോലൈഫ് സെക്രട്ടറി റവ. ഡോ. സി. മർസലിയൂസ് SVM എന്നിവർ സെമിനാർ നയിച്ചു.

## പ്രോലൈഫ് എക്സിബിഷൻ

ചൈതന്യ കാർഷിക മേളയോടനുബന്ധിച്ച് അതിരൂപത ഫാമിലി കമ്മീഷൻ നാലു ദിവസം നീണ്ട പ്രോലൈഫ് എക്സിബിഷൻ സംഘടിപ്പിച്ചു. ജീസസ് യൂത്ത് അംഗങ്ങളാണ് എക്സിബിഷന് നേതൃത്വം നല്കിയത്.

## കുഞ്ഞുങ്ങൾ കുടുംബത്തിന്റെ സമ്പത്ത്

മക്കൾക്ക് ജന്മം നൽകുന്നതു വഴി സമൂഹത്തിന് സാക്ഷ്യമായി മാറിയ കുടുംബങ്ങളെ കേരള സഭ ആദരിക്കുന്ന ജീവസമൃദ്ധിയുടെ ഭാഗമായി കടുത്തുരുത്തി ഫൊറോനായുടെ കീഴിൽ 2000 ന് ശേഷം വിവാഹിത

രായവരിൽ ഏറ്റവും കൂടുതൽ മക്കളുള്ള കുന്നശ്ശേരിൽ തുംമ്പനായിൽ ജോസ് തോമസ്, നാദിയ ദമ്പതികളെയും അവരുടെ മക്കളായ ക്രിസ്റ്റോ, എഡ്രിൻ, ജറോൻ, എമ്മാനുവേൽ, ആൻമരിയ, ഏൽസമരിയ എന്നിവരെയും കടുത്തുരുത്തി ഫൊറോന പള്ളി പാരിഷ് ഹാളിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ ഫാമിലി കമ്മീഷൻ ആദരിച്ചു. അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യാതിഥി ആയിരുന്നു. ഫൊറോന വികാരി ഫാ. ജോസ് ചിറപ്പുറത്ത്, ഫാമിലി കമ്മീഷൻ ചെയർമാൻ റവ. ഡോ. ബ്രസ്സൻ ഒഴുങ്ങാലിൽ, കടുത്തുരുത്തി ഫൊറോനാ ചാപ്ലെയിൻ ഫാ. ജോസഫ് കീഴങ്ങാട്ട്, പ്രോലൈഫ് സമിതി സെക്രട്ടറി സി. മർസലിയൂസ് SVM, കെ.സി.ഡബ്ല്യു.എ. അതിരൂപത പ്രസിഡന്റ് പ്രൊഫ. ഡെയിസി പച്ചിക്കര എന്നിവർ പ്രസംഗിച്ചു.

## തൂവാനീസായിൽ കുടുംബ നവീകരണ ധ്യാനം

അതിരൂപത കരിസ്റ്റ്മാറ്റിക് കമ്മീഷന്റെയും ഫാമിലി കമ്മീഷന്റെയും സംയുക്താഭിമുഖ്യത്തിൽ 2016 ജനുവരി 1 മുതൽ 5 വരെ തുവാനിസായിൽ കുടുംബ ശാക്തീകരണ ധ്യാനം നടത്തപ്പെടുന്നു. ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യപ്പെടുന്നവർ തുവാനീസാ ധ്യാന കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്.

## തെരുവ് നാടക മത്സരം

കോട്ടയം അതിരൂപത പ്രൊലൈഫ് സമിതിയുടെ നേതൃത്വത്തിൽ 2016 മാർച്ച് 21 പ്രൊലൈഫ് ദിനത്തോടനുബന്ധിച്ച് ഓരോ ഫൊറോനായിലും തെരുവ് നാടക മത്സരം സംഘടിപ്പിക്കുന്നു. ജീവൻ ദൈവീക ദാനമാണ് എന്ന സന്ദേശം ലോകമെങ്ങും എത്തിക്കുകയെന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഒരിടവകയിൽ നിന്നും ഒരു ടീമിന് വീതം പങ്കെടുക്കുവാൻ അവസരമുണ്ടായിരിക്കും.

ഒന്നാം സമ്മാനം 10001 രൂപ, രണ്ടാം സമ്മാനം 7501 രൂപ, മൂന്നാം സമ്മാനം 5001 രൂപ, രജിസ്ട്രേഷൻ ഫീസ് 500 രൂപ തുടർന്നുള്ള അഞ്ച് സ്ഥാനക്കാർക്ക് പ്രോത്സാഹനസമ്മാനവും നൽകുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ പ്രവേശന ഫീസ് അടച്ച് പേര് ജനുവരി 15-ന് മുമ്പായി ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**മത്സര നിബന്ധനകൾ**

1. 15 മിനിറ്റ് കവിയാൻ പാടില്ല.
2. 10 അംഗങ്ങളിൽ കൂടുവാൻ പാടില്ല
3. വേഷങ്ങളിൽ ലാളിത്യം ഉണ്ടായിരിക്കണം (പാന്റ്സ്, ജുബ്ബ, ഷാൾ, റിബൺ)
4. മേക്കപ്പ് അരുത്
5. സംഭാഷണം റെക്കോഡിംഗ് പാടില്ല. ലൈവായിത്തന്നെ അവതരിപ്പിക്കണം.
6. മത്സരിക്കുന്ന ടീം, മത്സരത്തിനു മുൻപായി പ്രമേയം വായിച്ചു ബോധ്യപ്പെട്ടു എന്ന് യൂണിറ്റ് രക്ഷാധികാരിയുടെ (വികാരിയച്ചൻ) സാക്ഷ്യപത്രം ഓഫീസിൽ എത്തിക്കേണ്ടതാണ്.
7. പരിപാടിയ്ക്ക് അരമണിക്കൂർ മുൻപ് നടത്താനുദ്ദേശിക്കുന്ന സ്ക്രിപ്റ്റ് പ്രോലൈഫ് ഓഫീസിലേൽപ്പിച്ച് ചെസ്റ്റ് നമ്പർ വാങ്ങേണ്ടതാണ്.
8. ജീവൻ ദൈവീക ദാനം, എന്ന കാഴ്ചപ്പാട് ഹൃദയത്തിൽ പതിപ്പിക്കുന്നതിനുതകുന്ന രീതിയിലായിരിക്കണം അവതരണം.
9. കുഞ്ഞ് ഉദരത്തിൽ ഉരുവാകുമ്പോൾത്തന്നെ പൂർണ്ണ വ്യക്തിയായി എന്ന് അംഗീകരിക്കുന്ന ആശയം ഉണ്ടായിരിക്കണം.

**ഫാ. ബ്രസ്സൻ ഒഴുങ്ങാലിൽ**
ചെയർമാൻ, ഫാമിലി കമ്മീഷൻ

# ചെറുപുഷ്പ മിഷൻലീഗ്

## മിഷൻ ലീഗ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനുമായി മിഷൻ ലീഗിന്റെ അതിരൂപതാതല വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് അതിരൂപതാ ഡയറക്ടർ ഫാ. ജോബി പൂച്ചുകണ്ടത്തിന്റെ നേതൃത്വത്തിൽ നവംബർ 10-ാം തിയതി ചൊവ്വാഴ്ച ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. കരുണയുടെ വർഷത്തിൽ നടത്തേണ്ട കർമ്മപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു.

## ദൈവവിളി സംഗമം

ചെറുപുഷ്പ മിഷൻലീഗ് കോട്ടയം അതിരൂപത കൈപ്പുഴ മേഖലയിലെ 7, 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ദൈവവിളി പ്രോത്സാഹനാർത്ഥം നവംബർ 21 ന് കൈപ്പുഴയിൽ വച്ച് ജീവിതാന്തസ്സ് തിരഞ്ഞെടുക്കൽ സംഗമം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോബി പൂച്ചുകണ്ടത്തിൽ, സി. സോഫിയ SVM, സി. ആൻസോണി LDSJG, സി. വിക്ടോറിയ LDSJG, സി. ഷീന മുട്ടത്തിൽ, ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ, ഫാ. തോമസ് പ്രാലേൽ, സി. ലൂസി SJC, സി. ഷാനറ്റ് SVM എന്നിവർ നേതൃത്വം നൽകി.

## സംസ്ഥാന കലോത്സവം

നവംബർ 14-ാം തീയതി പെരുന്തൽമണ്ണയിൽ വച്ച് നടന്ന സംസ്ഥാന കാലോത്സവത്തിൽ കോട്ടയം അതിരൂപതയിലെ മത്സരാർത്ഥികൾ പങ്കെടുക്കുകയും അഞ്ചാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

## ശാലോം മിഷൻ ഹിംസ്

ചെറുപുഷ്പ മിഷൻലീഗ് കോട്ടയം അതിരൂപതയിലെ സംഗീതാലാപനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്കുവേണ്ടി നവംബർ 28, 29 തീയതികളിൽ ശാലോം ടി. വിയുടെ നേതൃത്വത്തിൽ ചൈതന്യയിൽ വച്ച് ഓഡീഷൻ നടത്തുന്നതാണ്.

## സീറോ മലബാർ സഭ പ്രേഷിത വാരം

2016 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ പ്രേഷിത വാരമായി ആചരിക്കുന്നു. ചെറുപുഷ്പ മിഷൻ ലീഗിലെ കുട്ടികളുടെ നേതൃത്വത്തിൽ പ്രേഷിത വാരാചരണത്തിന് ബഹു. വികാരിയച്ചന്മാർ വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. പ്രേഷിത വാരത്തിനോടനുബന്ധിച്ചുള്ള മിഷൻ പിരിവിനുള്ള കവറുകളും പ്രാർത്ഥന കാർഡുകളും പോസ്റ്ററുകളും ഡിസംബർ 15 ന് മുമ്പായി ഇടവകകളിൽ എത്തിക്കുന്നതാണ്. കൂടാരയോഗങ്ങളിലൂടെ കാർഡുകൾ വിതരണം ചെയ്യുകയും ലഭിക്കുന്ന തുക സീറോ മലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് വേണ്ടി നൽകുന്നതിന് ജനുവരി 15 ന് മുമ്പായി അതിരൂപതയിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**ഫാ. ജോബി പുച്ചുകണ്ടത്തിൽ**
ഡയറക്ടർ

# തിരുബാലസഖ്യം

## അതിരൂപത ക്യാമ്പ് സംഘടിപ്പിച്ചു

കോട്ടയം: കോട്ടയം അതിരൂപത തിരുബാലസഖ്യ സംഘടനയുടെ അതിരൂപത ക്യാമ്പ് ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രണ്ട് ദിവസങ്ങളിലായി നടത്തപ്പെട്ട ക്യാമ്പ് കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണെന്നും അവർ വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നും പിതാവ് ഉദ്ബോധിപ്പിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജിനു കാവിൽ, വൈസ് ഡയറക്ടർ സി. ജോൺസിയ SVM എന്നിവർ പ്രസംഗിച്ചു. അതിരൂപതയിലെ വിവിധ ഇടവകയിൽ നിന്നായി 110 കുട്ടികൾ പങ്കെടുത്തു. കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ സി. ഷീന മുട്ടത്തിൽ, സി. നിഷ വി ജോൺ, സി. ജാസ്മിൻ, സി. സിജി, സി. സവിത എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി.

**ഫാ. ജിനു കാവിൽ**
ഡയറക്ടർ

# കെ. സി. ഡബ്ല്യു. എ.

## അതിരൂപതാ വാർഷികം നടത്തി

കെ.സി.ഡബ്ല്യു.എ.യുടെ 44-ാമത് വാർഷികാഘോഷങ്ങൾ ചൈതന്യ പാസ്റ്ററൽ സെന്ററിൽ 2015 നവംബർ 28-ാം തിയതി നടത്തി. കെ.സി.ഡബ്ല്യു.എ അതിരൂപതാ ചാപ്ലയിൻ ഫാ. മൈക്കിൾ വെട്ടിക്കാട്ട് പതാക ഉയർത്തി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ഡയ്സി ജോസ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി.

മലങ്കര റീജിയൺ വികാരി ജനറാൾ ഫാ. ലെല്ലു കൈതാരം, കെ.സി.സി. പ്രസിഡന്റ് പ്രൊഫ. ജോയി മുപ്രാപ്പള്ളി, കെ.സി.വൈ.എൽ. പ്രസിഡന്റ് ഷിനോ തോമസ് കുന്നപ്പള്ളി കെ.സി.ഡബ്ല്യു.എ. അതിരൂ

പതാ സെക്രട്ടറി ബീനാ രാജു റിപ്പോർട്ടും ട്രഷറർ മേയമ്മ കണക്കും അവതരിപ്പിച്ചു. ചികിത്സാസഹായ നിധിയും സ്കോളർഷിപ്പ് വിതരണവും അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് നിർവഹിച്ചു. ഫാ. ജേക്കബ് കുറുപ്പിനകത്ത്, ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ അതിരൂപതാ ജോ. സെക്രട്ടറി ജെയ്സി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

**ബീനാ രാജു നീറിക്കാട്**

അതിരൂപതാ സെക്രട്ടറി

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ചൈതന്യ കാർഷിക മേളയ്ക്ക് ജനകീയ പരിസമാപ്തി

### ■ സമാപന സമ്മേളനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച 18-ാമത് ചൈതന്യ കാർഷികമേളയ്ക്കും സ്വാശ്രയസംഘ മഹോത്സവത്തിനും ജനകീയ പരിസമാപ്തി. അഞ്ച് ദിവസങ്ങളിലായി സംഘടിപ്പിച്ച മേളയിൽ പതിനായിരക്കണക്കിന് ആളുകളാണ് പങ്കെടുത്തത്. കാർഷിക മേള സമാപന സമ്മേളനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. ചൈതന്യ കാർഷികമേള കർഷകർക്കും കാർഷിക മേഖലയ്ക്കും ഉത്തേജനവും പിന്തുണയും നൽകുന്ന ജനകീയ മേളയാണെന്നും എല്ലാ വിഭാഗം ജനങ്ങളുടെയും കൂടിവരവിന് അവസരമൊരുക്കുന്ന കാർഷികമേള വിജയകരമായി സംഘടിപ്പിക്കുവാനും കാർഷിക സംസ്ക്കാരം പുതുതലമുറയ്ക്ക് പകർന്നു നൽകുവാനും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. കോട്ടയം അതിരൂപത മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ആമുഖ സന്ദേശവും മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണവും നടത്തി. കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന ഭക്ഷ്യസുരക്ഷാ പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി അനൂപ് ജേക്കബ്ബ് നിർവ്വഹിച്ചു. ജോസ് കെ.മാണി എം.പി, ജോയി അബ്രാഹം

എം.പി, കോട്ടയം ജില്ലാ കളക്ടർ യു.വി.ജോസ് ഐ.എ.എസ്, ഡോ. ബ്രാൻഡ്സൺ കോറി ഐ.എഫ്.എസ്, തോമസ് ചാഴികാടൻ എക്സ്.എം.എൽ.എ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ആകാശവാണി വയലും വീടും പ്രോഗ്രാം എക്സിക്യൂട്ടീവ് മുരളീധരൻ തഴക്കര, കാരിത്താസ് ഇൻഡ്യ പരിസ്ഥിതി വിദഗ്ദ്ധൻ ഡോ. വി.ആർ. ഹരിദാസ്, ജോൺ മാവേലിൽ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് എന്നിവർ പ്രസംഗിച്ചു. സമ്മേളന ത്തോടനുബന്ധിച്ച് ആതുരശുശ്രൂഷാ രംഗത്ത് മാതൃകാപരമായ സേവനങ്ങൾ കാഴ്ച്ചവയ്ക്കുന്ന കോട്ടയം മെഡിക്കൽ കോളേജ് കാർഡിയോ തൊറാസിക് സർജൻ ഡോ. റ്റി.കെ ജയകുമാറിനെ ആദരി ച്ചു. കൂടാതെ ഏറ്റവും മികച്ച ഗ്രാമവികസന സമിതിയായി തിരഞ്ഞെടു ക്കപ്പെട്ട പൂഴിക്കോൽ ഗ്രാമത്തിനും ഹരിത ഇടവകയായി തിരഞ്ഞെടു ക്കപ്പെട്ട ചേറ്റുകുളം ഇടവകയ്ക്കും മേഖലാ വിളപ്രദർശനത്തിന് ഉഴവൂർ മേഖലയ്ക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. മേളയുടെ സമാപന ദിനത്തോടനുബന്ധിച്ച് ചൈതന്യ ജീവകാരുണ്യ നിധി സമ്മാന കൂപ്പൺ നറുക്കെടുപ്പും നടത്തപ്പെട്ടു.

കാർഷിക മേളയുടെ ഉദ്ഘാടനം കോട്ടയം അതിരൂപതാ മെത്രാപ്പോ ലീത്ത മാർ മാത്യു മൂലക്കാട്ട് നിർവ്വഹിച്ചു. അഡ്വ. സുരേഷ് കുറുപ്പ് എം.എൽ.എ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ചലച്ചിത്ര താരം പ്രേം പ്രകാശ് മുഖ്യാതിഥിയായി പങ്കെടുത്തു. കോട്ടയം ജില്ല അസി. കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി. കെ. എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, റബ്കോ ചെയർമാൻ വി.എൻ വാസവൻ എക്സ് എം.എൽ.എ, എം.ജി യൂണിവേ ഴ്സിറ്റി പ്രൊ-വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ, ആകാശവാണി തിരുവനന്തപുരം സ്റ്റേഷൻ ഡയറക്ടർ ആർ.സി. ഗോപാൽ, കോട്ടയം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ആൻസി ഫിലിപ്പ്, കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, കോട്ടയം പ്രസ്സ് ക്ലബ്ബ് പ്രസിഡന്റ് എസ്. മനോജ്, കെ.എസ്.എസ്.എസ് സി.ബി.ആർ ഫെഡറേഷൻ പ്രസിഡന്റ് തോമസ് കൊറ്റോടം, ചൈതന്യ പാസ്റ്ററൽ സെന്റർ അസി. ഡയറക്ടർ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ

എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് അന്ധ ബധിര പുനരധിവാസ പദ്ധതി ഡോക്യുമെന്ററിയുടെ പ്രകാശനവും നടത്തപ്പെട്ടു.

ചൈതന്യ കാർഷികമേളയുടെ രണ്ടാം ദിനത്തിലെ ഭക്ഷ്യ - ആരോഗ്യ സുരക്ഷദിന പൊതുസമ്മേളനം കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. മോൻസ് ജോസഫ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ഏറ്റുമാനൂർ നഗരസഭ ചെയർമാൻ ജെയിംസ് തോമസ് പ്ലാക്കിത്തൊട്ടിയിൽ, കോട്ടയം അതിരൂപതാ പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. തോമസ് ആനിമൂട്ടിൽ, കെ.എസ്.എസ്.എസ് കോർഡിനേറ്റർ മേരി ഫിലിപ്പ്, ജെസി മാത്യു, പ്രോഗ്രാം ഓഫീസർ സിജോ തോമസ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന വയോജനക്ഷേമ വരുമാന സംരംഭകത്വ പദ്ധതികളുടെ ഉദ്ഘാടനവും നടത്തപ്പെട്ടു.

കാർഷികമേളയുടെ മൂന്നാം ദിനത്തിലെ പരിസ്ഥിതി സൗഹാർദ്ദ ദിന പൊതുസമ്മേളനം മന്ത്രി കെ.സി.ജോസഫ് ഉദ്ഘാടനം ചെയ്തു കെ.സി.ബി.സി അൽമായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മന്ത്രി കെ. ബാബു മുഖ്യപ്രഭാഷണം നടത്തി. ഇ.എസ്. ബിജിമോൾ എം.എൽ.എ, ഫാ. ബിൻസ് ചേത്തലിൽ, കോട്ടയം മുനിസിപ്പൽ ചെയർ പേഴ്സൺ പി.ആർ സോന, തോമസ് ചാഴികാടൻ എക്സ് എം.എൽ.എ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആൻസ് വർഗ്ഗീസ്, കേരള സോഷ്യൽ സർവ്വീസ് ഫോറം മുൻ ഡയറക്ടർ ഫാ. റൊമാൻസ് ആന്റണി, തെള്ളകം പുഷ്പഗിരി പള്ളി വികാരി ഫാ. ആന്റണി കാട്ടുപാറ, ലിസി ലൂക്കോസ്, ബെൻ മാത്യു എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങളായ ത്രിതല പഞ്ചായത്ത് പ്രതിനിധികളെ ആദരിച്ചു.

നാലാം ദിനത്തിലെ സ്വാശ്രയ സംഗമദിന പൊതുസമ്മേളനം മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. മലങ്കര മാർത്തോമ്മ സുറി

യാനി സഭ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മ വലിയ മെത്രാപ്പോലീത്ത ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തി. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ്, ഫാ. ബിൻസ് ചേത്തലിൽ, ലാസിം ഇൻഡ്യ പ്രതിനിധി കാൾട്ടൺ ഫെർണാണ്ടസ്, ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജെയിംസ് വടക്കേകണ്ടംകരി, കോട്ടയം പ്രസ്സ് ക്ലബ്ബ് സെക്രട്ടറി ഷാലു മാത്യു, മേരിക്കുട്ടി ജോൺ, സിറിയക് ജോസഫ് എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും ആകാശവാണിയുടെയും നബാർഡിന്റെയും പങ്കാളിത്തത്തോടെ നടത്തപ്പെട്ട മേളയിൽ കാർഷിക വിള പ്രദർശനങ്ങൾ, പൊതുവിള പ്രദർശന മത്സരം, വിവിധ ഗവൺമെന്റ് സന്നദ്ധ സംഘടനകളുടെ പ്രദർശന വിപണന സ്റ്റാളുകൾ, ആസ്വാദ്യകരമായ കലാവിരുന്നുകൾ, പുഷ്പഫല വൃക്ഷാദികളുടെയും പക്ഷിമൃഗാദികളുടെയും പ്രദർശനവും വിപണനവും, പൗരാണിക ഭോജന ശാല, കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉല്ലാസ പ്രദമായ അമ്യൂസ്മെന്റ് പാർക്ക്, 200ൽ പരം പ്രദർശന വിപണന സ്റ്റാളുകൾ, വിഞ്ജാനവും വിനോദവും നിറയ്ക്കുന്ന വിസ്മയക്കാഴ്ചകൾ, കൂൺമേള, കാർഷിക മത്സരങ്ങൾ, മാതൃകാ കൃഷിത്തോട്ടം, സ്വാശ്രയസംഘ കലാവിരുന്നുകൾ, സാമൂഹിക ക്ഷേമ കർമ്മ പദ്ധതികളുടെ ഉദ്ഘാടനം എന്നിങ്ങനെ നിരവധിയായ ക്രമീകരണങ്ങൾ ഒരുക്കിയിരുന്നു.

# വികസനപാത വരും ദിനങ്ങളിൽ

## കേക്ക് മേള

ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചുങ്കം മേഖലയിൽ കേക്ക് മേള സംഘടിപ്പിക്കുന്നു. മേഖലയിലെ കരിങ്കുന്നം സെന്റ് അഗസ്റ്റ്യൻസ് ചർച്ച് ഹാളിലും, മാറിക സെന്റ് ആന്റണീസ് ചർച്ച് ഹാളിലും, മുട്ടം സെന്റ് മേരീസ് ചർച്ച് ഹാളിലുമാണ് കേക്ക് മേള സംഘടിപ്പിക്കുന്നത്. മേളയോടനുബന്ധിച്ച് മാർബിൾ കേക്ക്, ക്രീം കേക്ക്,

കാരറ്റ് കേക്ക്, പ്ലം കേക്ക് തുടങ്ങി വിവിധയിനം കേക്കുകളാണ് വിപണനത്തിനായി ക്രമീകരിക്കുന്നത്. ഡിസംബർ 22 മുതൽ 24 വരെ തീയതികളിലാണ് കേക്ക് മേള നടത്തപ്പെടുന്നത്.

## നാളികേര ഉത്പാദകസംഘങ്ങളുടെ അവലോകനയോഗം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നാളികേര വികസന ബോർഡുമായി സഹകരിച്ച് കൈപ്പുഴ മേഖലയിൽ രൂപം നൽകിയിരിക്കുന്ന നാളികേര ഉത്പാദക സംഘങ്ങളുടെ വാർഷിക അവലോകന യോഗം സംഘടിപ്പിക്കുന്നു. ഡിസംബർ 27 ഞായറാഴ്ച മകുടാലയം ലിറ്റിൽ ഫ്ളവർ ചർച്ച് ഹാളിലാണ് അവലോകന യോഗം സംഘടിപ്പിക്കുന്നത്. യോഗത്തിൽ കൈപ്പുഴ മേഖലയുടെ കീഴിലുള്ള നാളികേര ഉത്പാദക സംഘങ്ങളുടെ പ്രവർത്തന വിലയിരുത്തലും കേര കർഷകർക്കായുള്ള സെമിനാറും ക്രമീകരിച്ചിട്ടുണ്ട്. ഉച്ചകഴിഞ്ഞ് 2.30 ന് ആരംഭിക്കുന്ന അവലോകന യോഗത്തിൽ കേര കർഷകർക്കായുള്ള വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി നാളികേര വികസന ബോർഡിൽ നിന്നുള്ള പ്രതിനിധിയും പങ്കെടുക്കുന്നതാണ്.

## ഏകദിന ആരോഗ്യ സംരക്ഷണ സെമിനാറും തിമിര ക്യാമ്പും

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ രൂപീകൃതമായിരിക്കുന്ന എല്ലാ സീനിയർ ഗ്രൂപ്പുകളെയും കോർത്തിണക്കിക്കൊണ്ട് ഡിസംബർ 17 ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ ഏകദിന ആരോഗ്യ സംരക്ഷണ സെമിനാർ സംഘടിപ്പിക്കുന്നു. സീനിയർ സംഘാംഗങ്ങളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ട് 'ജീവിത ശൈലിയും ആരോഗ്യ സംരക്ഷണവും' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് തിമിര നിർണയ ക്യാമ്പും നടത്തപ്പെടും. ക്യാമ്പിൽ പങ്കെടുത്ത് തിമിരനിർണ്ണയം നടത്തുന്നവർക്ക് തുടർ ചികിത്സാ സൗകര്യങ്ങളും ക്രമീകരിക്കുന്നതാണ്.

## ദേശീയ ഊർജ്ജ സംരക്ഷണ ദിനാചരണം ചൈതന്യയിൽ

ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ ഊർജ്ജ സംരക്ഷണ ദിനാചരണം സംഘടിപ്പിക്കുന്നു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന ദിനാച

രണത്തോടനുബന്ധിച്ച് 'ഊർജ്ജ സംരക്ഷണം നല്ല നാളേയ്ക്കായ്' എന്ന വിഷയത്തിൽ സെമിനാർ ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് രാഷ്ട്രീയ സമൂഹിക സാംസ്ക്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പൊതു സമ്മേളനവും നടത്തപ്പെടും.

## പരിശീലനങ്ങൾ

## ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം

കെ.എസ്. എസ്.എസിന്റെ നേതൃത്വത്തിൽ ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഡിസംബർ 12 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

## ബ്യൂട്ടീഷ്യൻ പരിശീലനം

ഒരു മാസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം ഡിസംബർ 14 തിങ്കളാഴ്ച മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9961017249 എന്ന നമ്പരിൽ ബന്ധപ്പെടുക.

## തയ്യൽ പരിശീലനം

ഡിസംബർ 14 തിങ്കളാഴ്ച മുതൽ ചൈതന്യയിൽ തയ്യൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 9544058840 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കൂൺ കൃഷി പരിശീലനം

കെ.എസ്.എസ്.എസ് കൂൺകൃഷി പരിശീലനം ഡിസംബർ 12 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കുന്നതോടൊപ്പം കൂൺ വിപണനത്തിനുള്ള സാധ്യതകളും ക്രമീകരിക്കും.

## ആഭരണ നിർമ്മാണ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആഭരണ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഡിസംബർ 12 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

ചൈതന്യയിൽ മെഴുകുതിരി നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഡിസംബർ 12 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

## കേക്ക് നിർമ്മാണ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേക്ക് നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. പ്ലം കേക്ക് നിർമ്മാണത്തിൽ ഡിസംബർ 12 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിലാണ് പരിശീലനം നല്കുന്നത്.

**ഫാ. ബിൻസ് ചേത്തലിൽ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്വൽ സർവ്വീസ് സൊസൈറ്റി

## സാമൂഹ്യ–സുരക്ഷ മാസാചരണം സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി (മാസ്സ്) ലൈഫ് ഇൻഷുറൻസ് കോപ്പറേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടുകൂടി സാമൂഹ്യ-സുരക്ഷ മാസാചരണത്തിന്റെ ഭാഗമായി പൊതുസമ്മേളനവും സാമൂഹ്യ-സുരക്ഷ ബോധവൽക്കരണ സെമിനാറും സംഘടിപ്പിച്ചു. ശ്രീപുരം പാസ്റ്ററൽ സെന്ററിൽ നടന്ന പൊതുസമ്മേളനം എൽ.ഐ.സി. കോഴിക്കോട് ഡിവിഷൻ ഓഫീസർ ഡോ. രാജഗോപാൽ കമ്മത്ത് ഉദ്ഘാടനം ചെയ്തു. ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക് ജില്ല മാനേജർ എസ്. എസ്. നാഗേഷ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖ പ്രഭാഷണം നടത്തി. ബറുമറിയം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. എബ്രഹാം പറമ്പേട്ട് മുഖ്യപ്രഭാഷണം നടത്തി. മോഹനൻസി, അഡ്വ. രേഖ അഭിലാഷ്, ദിപിൻ മാത്യു എന്നിവർ പ്രസംഗിച്ചു. പൊതുസമ്മേളനത്തിനു മുന്നോടിയായി നടന്ന സാമൂഹ്യ-സുരക്ഷ ബോധവൽക്കരണ സെമിനാർ ഡോ. രാജഗോപാൽ കമ്മത്ത്, അഡ്വ. രേഖ അഭിലാഷ് എന്നിവർ നയിച്ചു. മാസ്സ് പ്രവർത്തകർ പരിപാടികൾക്ക് നേതൃത്വം നൽകി.

## നിയമ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരള സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടുകൂടി നിയമ ഉപദേശ സെമിനാർ സംഘടിപ്പിച്ചു. ശ്രീപുരം പാസ്റ്ററൽ സെന്ററിൽ നടന്ന സെമിനാർ മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർ പി. ഉമാവതി, മാസ്സ് പ്രോജക്ട് ഓഫീസർ ഷീജ പി.പി., ആശാ വർക്കർ പ്രജല കെ., എന്നിവർ പ്രസംഗിച്ചു. "സ്ത്രീകളും ഗാർഹിക പീഡന നിരോധന നിയമങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വ. രേഖ അഭിലാഷ് ക്ലാസ് നയിച്ചു. 120 വനിതകൾ പരിപാടിയിൽ പങ്കെടുത്തു.

## തെങ്ങുകയറ്റ മിഷ്യൻ വിതരണം ചെയ്തു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി "തെങ്ങിന്റെ ചങ്ങാതികൂട്ടം" പദ്ധതി വഴി തെങ്ങുകയറ്റ മിഷ്യൻ സൗജന്യമായി വിതരണം ചെയ്തു. കൂടാതെ 6 ദിവസം നീണ്ടുനിന്ന തെങ്ങുകയറ്റ പരിശീലനവും കാർഷിക ബോധവത്ക്കരണ ക്ലാസുകളും സംഘടിപ്പിച്ചു. മാസ്സ് ഡയറക്ടർ മൈക്കിൾ ഗിരി പാരിഷ് ഹാളിൽ വച്ച് 18 തെങ്ങിന്റെ ചങ്ങാതിമാരായ കർഷകർക്ക് തെങ്ങുകയറ്റ മിഷ്യൻ വിതരണം ചെയ്തു. മൈക്കിൾഗിരി പള്ളി വികാരി ഫാ. അരുൺ മുയൽകല്ലുങ്കൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ കർഷകർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. മാസ്സ് ടീം അംഗങ്ങൾ പരിശീലനങ്ങൾക്ക് നേതൃത്വം നൽകി.

## മാർ മാക്കിൽ വിദ്യാഭ്യാസ സഹായ പദ്ധതി ചെക്കു വിതരണം നടത്തി

കോട്ടയം അതിരൂപതയിലെ വിസിറ്റേഷൻ കോൺഗ്രിഗേഷന്റെ ധനസഹായത്തോടുകൂടി പെരിക്കല്ലൂർ മേഖലയിൽ നടപ്പിലാക്കുന്ന മാർ മാക്കിൽ വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായുള്ള ചെക്കു വിതരണം മനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ മാസ്സ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ ഉദ്ഘാടനം ചെയ്തു. സി. അനിജ എസ്.വി.എം. അദ്ധ്യക്ഷയായിരുന്നു. ഫാ. സുനിൽ പാറയ്ക്കൽ, സി. ലിബിയ എസ്.വി.എം. എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടന സമ്മേളന

ത്തിന് മുന്നോടിയായി കുടുംബ ജീവിതത്തെക്കുറിച്ച് ക്ലാസ് നയിച്ചു. കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന പ്രസ്ഥാനമായ മാസ്സിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്.

## ഫാഷൻ ഡിസൈനിംഗ് കോഴ്സ് ആരംഭിച്ചു

ഗവൺമെന്റ് അംഗീകൃത സ്ഥാപനമായ ഗോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽ ഡിപ്പാർട്ട്മെന്റ് (GITO) മായി സഹകരിച്ച് തയ്യൽ ഫാഷൻ ഡിസൈനിംഗ് കോഴ്സ് കൊട്ടോടിയിൽ ആരംഭിച്ചു. 3 മാസം നീണ്ടു നിൽക്കുന്ന അംഗീകൃത സർട്ടിഫൈഡ് കോഴ്സിൽ 40 വനിതകൾ പരി ശീലനം ആരംഭിച്ചു. ഗവൺമെന്റ് സ്കോളർഷിപ്പു കൂടാതെ മാസ്സ് 750 രൂപ സ്റ്റൈഫന്റായും നൽകുന്നു. എല്ലാത്തരം തുണിത്തരങ്ങളും മോഡൽ ഫാഷനിൽ തയ്ക്കുന്നതിനുള്ള പരിശീലനമാണ് നൽകുന്നത്.

## പടിക്കലേറ്റി ശുദ്ധജല വിതരണ പദ്ധതി ഉദ്ഘാടനം ചെയ്തു

മാസ്സ് ജലനിധി പദ്ധതിയിലൂടെ കതിരൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പി ലാക്കി വരുന്ന ഏഴു കുടിവെള്ള പദ്ധതി സ്കീമുകളിൽ 4-ാമത്തെ പദ്ധ തിയായ പടിക്കലേറ്റി ജനങ്ങളുടെ ഉപയോഗത്തിനായി തുറന്നു. 101 കുടുംബങ്ങൾക്ക് ഈ സ്കീമിലൂടെ ജലം ലഭിച്ചു തുടങ്ങി 35 ലക്ഷം രൂപാ മുതൽ മുടക്കി നിർമ്മിച്ച ഈ ശുദ്ധജല വിതരണ പദ്ധതിയിൽ കിണർ, ടാങ്ക്, പമ്പ് ഹൗസ് എന്നിവ ഉൾപ്പെടുന്നു. മാസ്സ് ജലനിധി ടീം അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നല്കുന്നു.

## ന്യൂനപക്ഷ വനിതകൾക്ക് പരിശീലനം ആരംഭിച്ചു

മാസ്സ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി രാജപുരം മേഖലയിൽ ന്യൂനപക്ഷ വനിതകൾക്ക് നേതൃത്വ വികസന പരിശീലനം ആരംഭിച്ചു. കൊട്ടോടി, പൂക്കയം, ഒടയംചാൽ ഇടവകക ളിൽ നടന്ന പരിശീലന പരിപാടികളിൽ 14 ബാച്ചുകളിലായി 350 വനിത കൾ പരിശീലനം പൂർത്തിയാക്കി. 6 ദിവസം നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലനത്തിൽ സ്ത്രീകൾ നേതൃത്വത്തിലേക്ക്, ആരോഗ്യവും ശുചി ത്വവും ആരോഗ്യവും പോഷകാഹാരവും, സാമ്പത്തിക വ്യവസ്ഥ, കമ്പ്യൂ ട്ടർ സാക്ഷരത, സാമ്പത്തിക വ്യവസ്ഥ. വിദ്യാഭ്യാസവും ശാക്തീകര ണവും ജീവിത വൈദഗ്ദ്ധ്യം, ഹോം മാനേജ്മെന്റ്, ന്യൂനപക്ഷ വനിത

കൾക്കായി ഉള്ള ഗവൺമെന്റ് പദ്ധതികളും സ്കീമുകളും തുടങ്ങിയ വിഷയങ്ങളെകുറിച്ചുള്ള ബോധവൽക്കരണമാണ് നല്കുന്നത്. പങ്കെടുക്കുന്നവർക്ക് 750 രൂപ സബ്സിഡിയും നല്കുന്നു.

## പഠനയാത്ര നടത്തി

നബാർഡിന്റെ സഹായത്തോടെ മടമ്പം, രാജപുരം, പെരിക്കല്ലൂർ ഫൊറോനകളിൽ മാസ്സ് നടപ്പിലാക്കുന്ന കർഷക ഉത്പാദക സംഘം പദ്ധതിയുടെ ഭാഗമായി പതിനൊന്നു പേർ അടങ്ങുന്ന ഡയറക്ടർ ബോർഡ് അംഗങ്ങൾക്കുവേണ്ടി പഠനയാത്ര സംഘടിപ്പിച്ചു. മടമ്പം രാജപുരം മേഖലയിലെ പഠനയാത്ര ഓവർ ഡോസ് ഡയറി യൂണിറ്റിലും ആനന്ദാശ്രമത്തിലും ആണ് നടത്തിയത്.

## ഏകദിന ബോധവൽക്കരണ സെമിനാർ

മാസ്സ് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ സഹകരണത്തോടു അസംഘടിത വനിത തൊഴിലാളികൾക്ക് വേണ്ടി തേറ്റമല സെന്റ് സ്റ്റീഫൻസ് പാരിഷ് ഹാളിൽ ഏകദിന ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത സെമിനാർ അസി. ലേബർ കമ്മിഷണർ ഡോ. യൂജിൻ ജോസഫ് ഉദ്ഘാടനം ചെയ്തു. തേറ്റമല പള്ളി വികാരി ഫാ. ബിബിൻ അഞ്ചെമ്പിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് അസി. ഡയറക്ടർ ഫാ. മാത്യുസ് വലിയപുത്തൻപുരയ്ക്കൽ ആമുഖപ്രഭാഷണം നടത്തി. സ്ത്രിയും ആരോഗ്യവും തൊഴിൽ നിയമങ്ങൾ, സ്ത്രീകളും സ്വാശ്രയ സംഘ പ്രവർത്തനങ്ങളും എന്നീ വിഷയങ്ങളെ ആസ്പദമാക്കി യഥാക്രമം ജോബിൻ വർഗീസ് (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തൊണ്ടർനാട്) അഡ്വ. സജിത ആർ.എസ്, അബ്രാഹം യു.പി എന്നിവർ സെമിനാർ നയിച്ചു. മാസ്സ് ടീം അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നല്കി.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, മാസ്സ്

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**നവംബർ 2015**

07 ചൈതന്യയിൽ നടന്ന അതിരൂപത തിരുബാലസഖ്യം ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

07-08 പുതുവേലി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

10 ചൈതന്യയിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിലും ഫൊറോന വികാരിമാരുടെ മീറ്റിങ്ങിലും സംബന്ധിച്ചു.

11 ചൈതന്യയിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു.

\- കല്ലിശ്ശേരി ഇടവകാംഗം തേവർമണ്ണിൽ ബഹു. സിറിയക് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

12 കൈപ്പുഴ സെന്റ് ജോർജ് വി. എച്ച്.എസ്.എസ്. ൽ നടന്ന എക്സ്പോയുടെ ഉദ്ഘാടനം നടത്തി.

13 കാരിത്താസിൽ ഫാർമസി കോളജിൽ ഗ്രാജ്യുവേഷൻ സെറിമണിയിൽ പങ്കെടുത്തു.

14 അതിരൂപതാ മൈനർ സെമിനാരി ഡേ യിൽ പങ്കെടുത്തു.

15 എൻ.ആർ സിറ്റി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

18 തിരുഹൃദയ ദാസ സമൂഹത്തിന്റെ എസ്.എച്ച് മൗണ്ടിൽ നടന്ന ചാപ്റ്ററിൽ പങ്കെടുത്തു.

\- ചൈതന്യാ കാർഷിക മേള ഉദ്ഘാടനം ചെയ്തു.

19 സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ജോർജ് ആലഞ്ചേരിയുടെ സഹോദരൻ അഗസ്റ്റിന്റെ നിര്യാണത്തെ തുടർന്ന് അദ്ദേഹത്തിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

21 ക്രിസ്തുരാജ കത്തീഡ്രലിൽ വി. ബലിയർപ്പിക്കുകയും 12 മണിക്കൂർ ആരാധനയ്ക്ക് ആരംഭം കുറിക്കുകയും ചെയ്തു.

\- പീരുമേട് മരിയഗിരി സ്കൂളിൽ വി. ബലിയർപ്പിക്കുകയും പൂർവ്വ വിദ്യാർത്ഥി സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

22 ചൈതന്യ കാർഷിക മേളയുടെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

23 കാക്കനാട് നടന്ന ട്രൈബ്യൂണൽ സെമിനാറിൽ പങ്കെടുത്തു.

26,27 ഇടുക്കി മെത്രാസന മന്ദിരത്തിൽ നടന്ന റീജണൽ ബിഷപ്സിന്റെ ധ്യാനത്തിൽ പങ്കെടുത്തു.

28 മോനിപ്പള്ളി ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും കുട്ടികളുടെ ആദ്യ കുർബാന സ്വീകരണം നടത്തുകയും ചെയ്തു.

\- KCWA അതിരൂപതാ വാർഷികം ഉദ്ഘാടനം ചെയ്തു.

\- പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ നടന്ന സമർപ്പിത സംഗമത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

28,29 മേമ്മുറി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

30 മോൺ. കൊല്ലാപറമ്പിലച്ചന്റെ സ്മരണാർത്ഥം കടുത്തുരുത്തിയിൽ വി. ബലിയർപ്പിക്കുകയും അനുസ്മരണ സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

**ഡിസംബർ**

4 കൈപ്പുഴ അസൈലത്തിൽ ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

5,6 വെളിയനാട് ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

# ENGAGEMENTS

## Mar Mathew Moolakkatt

**December**

7 Holy Qurbana at SJC Generalate, S.H. Mount.

9-11 KCBC at POC.

12 Newly elected Panchayath members meet at Metropolitian House Kottayam.

13 Inauguration of the "Year of Mercy" at Christ the King Cathedral.

15 Monthly recollection of Priests at Chaithanya.

16 Parents' meeting of Deacons at Metropolitan's House.

19 Christmas celebrations at Thirunakkara maidan Kottayam.

19, 20 Pastoral visit at East Nattassery.

20 Ecumenical Christmas celebration at Elia Cathedral Kottayam.

22 Childrens' meet at LLM Hospital Kidangoor.

26 St. Chavara Feast at Mannanam.

28 Priestly Oridnation of Dn. Joseph at Arunoottimangalam.

\- Conclusion of Quasquicentennial Jubilee celebration of Monipally Church at Monippally.

29 Priestly ordination of Dn. Stabin and Jinse at Thottara.

**January 2016**

2 Inauguration of Platinum Jubilee celebration of Charamangalam parish.

3 NABH Accreditation ceremony of Caritas Hospital at Caritas.

4 Priestly oridnation of Dn. Jibin at Punnathura.

7-12 Synod at Kakkanad.

## അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**നവംബർ 2015**

4-5 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടന്ന മലബാർ റീജിയണിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

5 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടന്ന മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി സെൻട്രൽ കമ്മറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

6-8 കാപ്പിസെറ്റ് പള്ളിയിൽ ഇടയസന്ദർശനം നടത്തി.

7 പെരിക്കല്ലൂർ, കാപ്പിസെറ്റ്, പയസ്നഗർ, ക്രൈസ്റ്റ് നഗർ പള്ളികളിലെ യുവജനങ്ങളുമായി സൗഹൃദസംഗമം നടത്തി.

8 മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ നടന്ന പെരിക്കല്ലൂർ ഫൊറോന പാരീഷ് കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

10 ചൈതന്യയിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

– ഉഴവൂർ പള്ളിയിൽ കൂടിയ 'ഐക്യം 2015' കേന്ദ്രകമ്മറ്റിയിൽ സംബന്ധിച്ചു.

12 കണ്ണൂർ ശ്രീപുരം ഇംഗ്ലീഷ്മീഡിയം സ്കൂളിലെ കൾച്ചറൽ ഫെസ്റ്റ് മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

13–15 ചങ്ങലേരി പള്ളിയിൽ ഇടയസന്ദർശനം നടത്തി.

14 മൈലംമ്പള്ളി ക്നാനായ കൂട്ടായ്മയ്ക്കുവേണ്ടി വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

15 ചങ്ങലേരി ഫൊറോന പാരീഷ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

16 അതിരൂപതാ മെത്രാസന മന്ദിരത്തിൽ കൂടിയ കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

19–22 പുളിഞ്ഞാൽ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

20 പുളിഞ്ഞാൽ, പുതുശ്ശേരി, തേറ്റമല പള്ളികളിലെ യുവജനങ്ങളുമായി സൗഹൃദസംഗമം നടത്തി.

22 പുതുശ്ശേരി പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും രജതജൂബിലി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

25–27 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കാറ്റക്കെറ്റിക്കൽ കോൺഗ്രസിൽ പങ്കെടുത്തു.

29 ഡൽഹിയിലെ ക്നാനായ സംഗമത്തിൽ പങ്കെടുത്തു.

## ഡിസംബർ

3–5 ദുബായ് ക്നാനായ കൂട്ടായ്മയുടെ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

# Engagements

## Mar Joseph Pandarasseril

**December 2015**

| | |
|---|---|
| 4 | Silver Jubilee celebration of Dubai KCC. |
| 8 | Adoration at Uzhavoor. |
| 9-11 | KCBC at P.O.C. |
| 11 | Adoration at Muttom. |
| 12 | Reception to local body leaders at Archbishop's house. |
| 13 | KCYM state Youth Festival at Thalassery. |
| 14 | Staff meet at Rajapuram College and St. Anne's EM School, Kottody. |
| 15-16 | Bimonthly of Malabar region priests at Barmariam. |
| 16 | Reception at Malabar region local body leaders at Barmariam, Kannur. |
| 18 | Ecumenical Christmas celebration at Kannur. |
| 19 | MSFS School anniversary at Kannur. |
| 20 | Holy Mass and Knanaya Association meeting at Kozhikode. |
| 21 | Prathibhasangamom at Mount St. Thomas, Kakkanad. |
| 23 | Anniversary at Knanaya Jyothi E.M. School, Kadaba. |
| 26 | Alumni meeting of Sreepuram E.M. School. |
| 27. | Samarpitha Sangamom of Rajapuram Forane at Rajapuram. |
| 29 | Anniversary of Sreepuram E.M. School. |
| 30 | Ordination of Dn. Thomas Vallarkattil at Mankuzhy. |

31-Jan. 3, 2016 Kuwait for the Knanaya Sangamom.

# വചനദർശനം

## ഡിസംബർ 13 മംഗലവാർത്തക്കാലം മൂന്നാം ഞായർ

**(ലൂക്കാ 1:57-66)**

യുദയായിലെ മലനാട്ടിലെങ്ങും സംസാരവിഷയമായ ഒരു ശിശുവിന്റെ ജനനവാർത്തയാണ് ഇന്നത്തെ സുവിശേഷം. അനേകർക്ക് അത്ഭുതത്തിനും ദൈവസ്തുതി പാടുന്നതിനും കാരണമായ ഒരു ജനനം. പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റേയും ഫലമായിരുന്ന ഈ കുഞ്ഞിന് ദൈവത്തിന് സമർപ്പിക്കുന്ന മാതാപിതാക്കളും അവരുടെ നിലപാടുകളും വിചിന്തനത്തിന് വിഷയമാക്കേണ്ടതാണ്.

ജനനത്തിന് മുമ്പേ മക്കളുടെ ഭാവി നിശ്ചയിക്കുകയും ഞായറാഴ്ചകളിൽ പോലും കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ വെമ്പൽകൊള്ളുകയും ചെയ്യുന്ന ഇന്നത്തെ മാതാപിതാക്കൾക്കു മുന്നിൽ ഈ മാതാപിതാക്കൾ ഒരു വെല്ലുവിളി ഉയർത്തുന്നു. മറ്റുള്ളവരുടെ മുമ്പിൽ തങ്ങളുടെ status symbol ആയി മക്കളെ മാറ്റാൻ ശ്രമിക്കുന്നവർ ദൈവത്തിന്റെ പദ്ധതികൾക്കു മുമ്പിൽ മറുതലിക്കുന്നു.

ദൈവജനത്തിന്റെ പ്രതീക്ഷകൾ നെഞ്ചിലേറ്റുന്ന കുടുംബമാണ് സഖറിയായുടേത്. സഭയ്ക്കും ദൈവജനത്തിനും വേണ്ടി മക്കളെ വളർത്താൻ ഇന്നു മാതാപിതാക്കൾക്ക് കഴിയുന്നുണ്ടോ? മാമ്മോദീസാ വേളയിൽ കുഞ്ഞിനുവേണ്ടി കാർമ്മികൻ പ്രാർത്ഥിക്കുന്നത് ഇപ്രകാരമാണ്. മാതാപിതാക്കൾക്ക് ആശാകേന്ദ്രവും കുടുംബത്തിന് പ്രകാശവും നാടിന് സേവനമാതൃകയുമായി ജീവിക്കാൻ ദൈവം നിന്നെ സഹായിക്കട്ടെ". ഈ മൂന്ന് തലങ്ങളുടെയും സമഗ്രതയാണ് യഥാർത്ഥ ക്രൈസ്തവ ജീവിതം.

സാധ്യതകൾ പലതുണ്ടായിരിക്കെ ദൈവഹിതത്തിന് കീഴ്വഴങ്ങിയവരാണ് സഖറിയായും, എലിസബത്തും. ശിശുവിന്റെ പേരിടലിൽ പോലും ധീരമായ തീരുമാനമെടുത്തു. പുതിയ കീഴ്വഴക്കമുണ്ടാക്കി ദൈവത്തിന് വിധേയപ്പെട്ടു. ദൈവഹിതത്തിന് വഴങ്ങാൻ ജനത്തിന്റെ സമ്മർദ്ദമോ, നാട്ടു

നടപ്പിന്റെ പ്രേരണയോ വ്യക്തി താൽപര്യങ്ങളോ അവർക്ക് വിലങ്ങുതടിയായില്ല. ആരുടെയും പ്രേരണയ്ക്കും നിർബന്ധത്തിനും വഴങ്ങാതെ അവർ ദൈവഹിതത്തിന്റെ മുന്നിൽ ഉറച്ചു നിന്നു.

ദൈവവചനത്തോടും തമ്പുരാന്റെ ഇംഗിതത്തോടും വിട്ടുവീഴ്ചയില്ലാത്ത വിധേയത്വം പ്രഖ്യാപിച്ച ആ ദമ്പതികളെ നമുക്കു മാതൃകയാക്കാം. മോഹിപ്പിക്കുന്ന, പ്രലോഭിപ്പിക്കുന്ന നാട്ടുശീലങ്ങൾക്ക് വഴങ്ങുന്ന തീരുമാനങ്ങൾ എടുക്കുന്നവരായിരുന്നില്ല സ്നാപകന്റെ മാതാപിതാക്കൾ. അവരുടെ മകനും ആ ഗുണങ്ങൾ സ്വാംശീകരിക്കും.

## ഡിസംബർ 20 മംഗലവാർത്തക്കാലം നാലാം ഞായർ

**(മത്താ 1: 18–24)**

ദൈവഹിതത്തിന് കാതോർക്കുന്നവർക്ക് മറ്റുള്ളവരുടെ ഹൃദയങ്ങളെ മനസ്സിലാക്കാനും അവരെ ബഹുമാനിക്കാനും സാധിക്കും. മറിയത്തെ അപമാനിതയാക്കാൻ ഇഷ്ടപ്പെടാതിരുന്ന ജോസഫിനെ ഇന്നത്തെ സുവിശേഷം അവതരിപ്പിക്കുന്നു. മറ്റുള്ളവരിൽ ദൈവത്തിന്റെ മുഖം ദർശിച്ചു. മദർ തെരേസയെ നാം എന്നും ആദരിക്കുന്നു. കണ്ടുമുട്ടുന്നവരിലെല്ലാം ദൈവത്തെ കണ്ട്, അവരെ ബഹുമാനിക്കാനും സാധിക്കണം. ഇവിടെയാണ് എമ്മാനുവേൽ “ദൈവം നമ്മോടുകൂടെ” എന്ന അനുഭവത്തിലേക്ക് നാം കടന്നുവരുന്നത്.

ഇസ്രായേൽക്കാരുടെ കൂടെ നടന്ന ദൈവത്തെ അവർ അനുഭവിച്ചു. അവരോടു കൂടെനടന്ന അതേ ദൈവം ഇന്ന് നമ്മുടെ കൂടെയും ഉണ്ട്. ആദിമാതാപിതാക്കളുടെ കൂടെ നടക്കുന്ന ദൈവത്തെ, ദാവിദിന് വിജയം നൽകിയ ദൈവത്തെ നമ്മുടെ ജീവിതത്തിൽ അനുഭവിക്കാൻ സാധിക്കണം. നമ്മുടെ ഏകാന്തതയിൽ, വിഷമതകളിൽ, ദാരിദ്ര്യത്തിൽ, സന്തോഷത്തിൽ, കണ്ണുനീരിൽ എല്ലാം നമ്മുടെ കൂടെയുള്ള ദൈവത്തെ അനുഭവിക്കാൻ നമ്മുക്ക് സാധിക്കണം. ജോസഫിന്റെ ജീവിതത്തിലെ ഏറ്റവും വലിയ നിസ്സഹായതയിൽ ദൈവം ഇടപെട്ടു. സമൂഹത്തിന്റെ മുമ്പിലും ബന്ധുമിത്രാദികളുടെ മുമ്പിലും അപമാനിക്കപ്പെട്ടേക്കാവുന്ന അവസ്ഥ

യിൽ ദൈവം ഇടപെട്ടു. നമ്മുടെ ജീവിതത്തിലെ തകർച്ചകളിൽ ദൈവത്തിന്റെ സാന്നിധ്യം അനുഭവിക്കണം.

ഈശോയുടെ വളർത്തു പിതാവായ വി. യൗസേപ്പ് സ്വന്തം ഇഷ്ടങ്ങളെക്കാൾ ദൈവത്തിന് പ്രാധാന്യം നൽകി. ദൈവം പറഞ്ഞുതുപോലെ, ദൈവദൂതൻ പറഞ്ഞതുപോലെ പ്രവർത്തിച്ചു. നീതിമാനായ യൗസേപ്പിന്റെയും മറിയത്തിന്റേയും ഈശോയുടേയും കുടുംബം തിരുകുടുംബമാണ്. ചില തൃജിക്കലിലും, നീതിയിലും വിധേയത്വത്തിലും നീതിബോധത്തിലും ആണ് തിരുകുടുംബം ഉറച്ചു നിന്നത്. അനീതിയും അക്രമവും അരങ്ങു തകർക്കുമ്പോൾ ഒരു കാര്യം ഓർക്കണം. ഉത്തമകുടുംബത്തിലെ ഉന്നതന്മാർ ഉണ്ടാവുകയുള്ളൂ. കുലത്തിൽ നിന്നാണ് കുലീനതയുണ്ടാവുന്നത്. മുന്തിരിയിൽ നിന്ന് മുന്തിരിപ്പഴം ഉണ്ടാകുന്നു. എന്നാൽ മുൾച്ചെടിയിൽനിന്ന് മുന്തിരി പഴമോ ഞെരിഞ്ഞിലിൽ നിന്ന് അത്തിപ്പഴങ്ങളോ ലഭിക്കാറില്ല.

## ഡിസംബർ 25 ഈശോയുടെ പിറവിതിരുനാൾ

**(ലൂക്കാ 2:1–20)**

കാലിത്തൊഴുത്തിൽ പിറന്നുവീണ ഉണ്ണിയേശുവിന്റെ കണ്ണുകളിൽ ഇടയൻമാർ കണ്ടത് ദൈവത്തിന് മനുഷ്യനോടുള്ള വിചാരമാണ്. അതിനെ സ്നേഹമെന്ന ഒറ്റ വാക്കിൽ ഒതുക്കാൻ സാധിക്കുന്നതാണോ? പഴയ നിയമത്തെ താക്കീതുകളുടെ ഭാഷയിൽ സംസാരിച്ചു പ്രവാചകന്മാർ തോറ്റിടത്ത് സ്നേഹം വ്യക്തിരൂപം ധരിച്ചു വന്നു വിജയിക്കുന്നതാണ് ക്രിസ്തുവിന്റെ സന്ദേശം. ദൈവം ഇനിമേൽ മനുഷ്യകുലത്തിന് അമൂർത്തമായ ഒരു ആശയമല്ല. അതുവരെ ദൈവത്തെ കുറിച്ച് അമൂർത്തമായ ആശയങ്ങളും വാങ്മയ ചിത്രങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ക്രിസ്മസ് പ്രകാശത്തിന്റെ തിരുനാളാണ്. ദീപാലങ്കാരങ്ങളും നക്ഷത്രവിളക്കുകളും ഈ ദിനത്തിന്റെ വഴിയോര കാഴ്ചകളാണ്. ഇരുളിലും, മരണത്തിന്റെ നിഴലിലും കഴിഞ്ഞവർ ദർശിച്ച പ്രകാശമായാണ് തിരുവചനം തിരുപിറവിയെ അനുസ്മരിപ്പിക്കുന്നത്. ഇത് ഒരു ദാരിദ്ര്യത്തിന്റെ

തിരുന്നാൾ കൂടിയാണ്. ആഢംബര വസ്തുക്കൾ പുൽകൂടിന്റെ ഭംഗി കളയുകയേയുള്ളൂ. പുൽക്കൂട്ടിലെ കാഴ്ചക്കാർ കന്നുകാലികളാണ്. അതിഥികൾ ഇടയരാണ്. മിന്നാമിനുങ്ങുകൾ തെളിയിച്ച ദീപകാഴ്ചയായിരുന്നു പുൽക്കൂടിന്റെ അലങ്കാരം.

'ദൈവം സ്വയം ശൂന്യവൽക്കരിച്ചതാണ്' എന്ന് പൗലോസ്ശ്ലീഹാ പറയുന്നു. ചെറുതാകുന്നതിലാണ് ദൈവികത എന്നു പഠിപ്പിച്ച തിരുനാളാണ് ക്രിസ്മസ്. സ്ഥാന വലിപ്പത്തിലും സ്ഥാവര ആസ്ഥിയിലും അഭിരമിക്കുന്ന ലോകത്തിനും ആത്മീയതയ്ക്കുമുള്ള തിരുത്തലാണ് ക്രിസ്മസും പുൽക്കൂടും. പുൽക്കൂടിനു മുന്നിൽ നിൽക്കുന്ന് ഏതൊരു നിസ്വനും നിരാലംബനും ഇന്ന് അന്യതാബോധം അനുഭവിക്കുന്നുണ്ടോ എന്ന ആത്മശോധനയ്ക്കുകൂടി ഈ തിരുനാൾ പ്രയോജനപ്പെടണം. ഏതൊരു പാവപ്പെട്ടവനും പുൽക്കൂടിനു മുന്നിലിരുന്ന സന്തോഷത്തോടെ തിരിച്ചറിയാം: എന്റെ ദൈവവും എന്നെപ്പോലെ, അല്ല എന്നെക്കാൾ അധികമായി പാവപ്പെട്ടവനായി ജനിച്ചവനാണ്, ജീവിച്ചവനാണ്, മരിച്ചവനാണ്.

## ഡിസംബർ 27 പിറവിക്കാലം ഒന്നാം ഞായർ

**(മത്താ 2:13-14, 19-23)**

തിരുപിറവിയോടു ചേർന്നുള്ള ഞായറാഴ്ച തിരുകുടുംബത്തിന്റെ തിരുനാളായി ആചരിക്കുന്ന പതിവ് അർത്ഥപൂർണ്ണമാണ്. ഏതൊരു കുടുംബത്തിലും ഈശോ ജനിക്കുമ്പോൾ അത് തിരുകുടുംബമാകും. ഗാർഹിക സഭയായ കുടുംബത്തെക്കുറിച്ച് ധ്യാനിക്കാൻ ആരാധനാക്രമവർഷത്തിൽ നീക്കി വച്ചിരിക്കുന്ന ദിവസമാണ് ഇന്ന്.

രക്ഷാകരചരിത്രം അഞ്ച് കുടുംബങ്ങളുടെ കഥയായിട്ടാണ് ബൈബിളിൽ ഇതൾ വിടരുന്നത്. ഒന്നാമത്തെ കുടുംബം ത്രിത്വൈക കുടുംബമാണ്. പിതാവും, പുത്രനും പരിശുദ്ധാത്മാവും തമ്മിൽ ഹൃദയൈക്യത്തിൽ വാഴുന്ന തിരുകുടുംബം മറ്റെല്ലാ കുടുംബങ്ങളുടേയും സനാതന മാതൃകയാണ്. രണ്ടാമത്തേത് ആദാമിന്റെയും ഹവ്വായുടേയും കുടുംബമാണ്. കുടുംബത്തിൽ പിശാചിന് ഇടം കൊടുത്തതുവഴി വരപ്രസാദം നഷ്ടപ്പെടുത്തിയ കുടുംബമായിരുന്നു അത്. മൂന്നാമത്തെ കുടുംബം നസ്ര

ത്തിലെ തിരുകുടുംബമാണ്. പറുദീസയിലെ കുടുംബം നഷ്ടപ്പെടുത്തിയതെല്ലാം വീണ്ടെടുത്തത് ഈ കുടുംബത്തിലാണ്. നാലാമത്തെ കുടുംബം ഈശോ തിരുസഭയെ വിവാഹം ചെയ്ത് വിശ്വാസികളെ ജനിപ്പിക്കുന്ന തിരുസഭയാകുന്ന കുടുംബമാണ്. അവസാന കുടുംബമാകട്ടെ വെളിപാടു പുസ്തകം പരാമർശിക്കുന്ന പരമ പിതാവിനെ ആരാധിക്കുന്ന, കൊല്ലപ്പെട്ട കുഞ്ഞാടിന്റെ വിവാഹ വിരുന്നിൽ പങ്കുചേരുന്ന കുടുംബമാണ്. രക്ഷാകര ചരിത്രം കുടുംബങ്ങളുടെ കഥയാണ്.

തിരുകുടുംബം എന്ന ദിവ്യമായ മാതൃക സകല കുടുംബത്തിനും മുന്നിൽ പ്രതിഷ്ഠിക്കുമ്പോൾ, തിരുകുടുംബത്തിന്റെ ചില പ്രത്യേകതകൾ കാണാം. (1) തിരുക്കുടുംബത്തിന്റെ നാഥൻ യൗസേപ്പ് നീതിമാനും ദൈവപ്രമാണങ്ങൾ നിഷ്ഠയോടെ പാലിക്കുന്നവനുമാണ്. (2) നാഥയായ മറിയം നന്മനിറഞ്ഞവളും ദൈവഹിതത്തിന് സ്വയം വിധേയപ്പെട്ടവളുമാണ്. (3) ഈശോ മാതാപിതാക്കൾക്ക് വിധേയപ്പെട്ടു ജീവിച്ചു.

കുടുംബത്തിൽ ഒരാൾ മാത്രമല്ല, എല്ലാവരുമാണ് തിരുകുടുംബം രൂപം നൽകുന്നത്. പരസ്പര സ്നേഹവും, ആദരവും, ദൈവാശ്രയബോധവും, ശുദ്ധതയും പതിവായി ദേവാലയത്തിൽ പോകന്ന ശീലവും നമ്മുടെ കുടുംബത്തെ തിരുകുടുംബത്തിന്റെ നിഴലാക്കി മാറ്റും.

**ബ്രദേഴ്സ്, വടവാതൂർ സെമിനാരി**

# വാർത്തകൾ

## പ്രേഷിത പ്രവർത്തനത്തിന്റെ കാതൽ അന്യമതസ്ഥരെ ക്രിസ്ത്യാനികളാക്കുകയല്ല: മാർപാപ്പ

വത്തിക്കാൻ സിറ്റി : പ്രേഷിത പ്രവർത്തനത്തിന്റെ കാതൽ അന്യമതസ്ഥരെ ക്രിസ്ത്യാനികളാക്കുക എന്നതല്ലെന്ന് ഫ്രാൻസിസ് മാർപാപ്പ. പ്രേഷിത പ്രവർത്തനം മതപരിവർത്തനത്തിനുള്ള തന്ത്രമല്ല. മാമ്മോദീസ സ്വീകരിച്ചിട്ടുള്ള എല്ലാവരും ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ ബാധ്യസ്ഥരാണ്. ദാനമായി ലഭിച്ച വിശ്വാസത്തിന്റെ പ്രഘോഷണം പ്രധാനമായും നടക്കേണ്ടത്. വിശ്വാസം സ്വീകരിച്ചവരുടെ ജീവിതത്തിലൂടെ

യാണ്. ഒക്ടോബർ 18 ന് സാർവത്രിക സഭയിൽ ആചരിച്ച മിഷൻ ഞായറിനോടനുബന്ധിച്ചു പുറപ്പെടുവിച്ച സന്ദേശത്തിലാണ് മാർപാപ്പ വിശ്വാസികളെ ഓർമ്മിപ്പിച്ചത്.

ലൂക്കായുടെ സുവിശേഷം 14-ാം അദ്ധ്യായത്തിൽ നാം ആരോടാണ് സുവിശേഷം പ്രഘോഷിക്കേണ്ടതെന്ന് ക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. നിർദ്ധനരോട്, നിസ്സാരന്മാരായവരോട്, രോഗികളോട്, വിസ്മരിക്കപ്പെടുന്നവരോട്, അവഗണിക്കപ്പെടുന്നവരോട്, നമുക്ക് പ്രതിഫലം തിരിച്ചു നല്കില്ലെന്ന് മാപ്പുള്ളവരോടും പാവപ്പെട്ടവരോടും സമൂഹത്തിന്റെ പുറമ്പോക്കുകളിലേയ്ക്ക് നീക്കിനിർത്തപ്പെട്ടവരോടും 'സുവിശേഷം' പ്രഘോഷിക്കുമ്പോൾ, അത് യേശു കൊണ്ടു വന്ന ദൈവരാജ്യത്തിന്റെ അടയാളമാകുന്നു - മാർപാപ്പ ഓർമ്മപ്പെടുത്തി.

## ക്രിസ്തുവിന്റെ രാജത്വം സ്നേഹത്തിൽ അധിഷ്ഠിതം: ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻ സിറ്റി: ക്രിസ്തുവിന്റെ രാജത്വത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അത് സ്നേഹത്തിൽ അധിഷ്ഠിതമായിരുന്നു എന്നുള്ളതാണെന്ന് ഫ്രാൻസിസ് മാർപാപ്പാ. ഇന്നത്തെ പല അധികാരികളെയും പോലെ നമ്മളെ അടിച്ചമർത്തുകയല്ല അവിടുന്നു ചെയ്തത്. നമ്മുടെ തെറ്റുകളിൽ നിന്നും ദൗർബല്യങ്ങളിൽ നിന്നും അവിടുന്നു നമ്മെ മോചിപ്പിച്ചു. അനുരഞ്ജനത്തിന്റെ പാതയിലേയ്ക്ക് അവിടുന്നു നമ്മെ നയിച്ചു. ക്രിസ്തു ഒരിക്കലും നമ്മെ ഭയത്തിലേയ്ക്കോ അടിമത്തത്തിലേയ്ക്കോ നയിച്ചില്ല. ക്രിസ്തുവിന്റെ രാജത്വ തിരുനാൾ ദിനം വത്തിക്കാൻ ചത്വരത്തിൽ പൊതു സന്ദർശന അവസരത്തിൽ ഒരുമിച്ചുകൂടിയ ജനങ്ങളോട് മാർപാപ്പ പറഞ്ഞു.

ഈ ലോകത്തിന്റെ അധികാരങ്ങൾ നമ്മെ പ്രലോഭിപ്പിക്കുമ്പോൾ ദൈവരാജ്യത്തോടുള്ള വിധേയത്വമാണ് നമുക്ക് ആത്യത്തിൽ വിമോചനം നല്കുന്നതെന്ന് നാം തിരിച്ചറിയണം, അദ്ദേഹം കൂട്ടിച്ചേർത്തു. സത്യത്തിലൂടെയും സ്നേഹത്തിലൂടെയും മാത്രമെ നമുക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കൂ. ദൈവരാജ്യം ഈ ഭൂമിയിലുള്ളതല്ല. ലോക

ത്തിന്റെ കണ്ണുകളിലൂടെ അതിനെ കാണാൻ സാധിക്കുകയില്ല. ദൈവ രാജ്യത്തെക്കുറിച്ച് കൂടുതലറിയണമെങ്കിൽ സുവിശേഷം ആഴത്തിൽ പഠിക്കണം. ലോകത്തിന്റെ യുക്തികൾ മാത്സര്യവും കപടതയും നിറഞ്ഞതാണ്. അത് ആയുധങ്ങൾകൊണ്ട് ഭീഷണിപ്പെടുത്തുന്നു. മനുഷ്യനെ ചൂഷണം ചെയ്യുന്നു. കുരിശിലെ ക്രിസ്തുവിന്റെ വിജയത്തിലൂടെയാണ് ദൈവരാജ്യം നമുക്ക് പൂർണ്ണമായും വെളിപ്പെട്ടത്. കുരിശാണ് ക്രൈസ്തവന്റെ ശക്തി. അത് ക്രിസ്തുവിന് നമ്മോടുള്ള സ്നേഹത്തിന്റെ അടയാളമാണെന്നും മാർപാപ്പ ഓർമ്മിപ്പിച്ചു.

## മാർപാപ്പയുടെ ചോദ്യങ്ങൾ ഏറെ പ്രസക്തം: സുഗതകുമാരി

തിരുവനന്തപുരം : ഭൂമിയുടെ നേരെ നോക്കി ഫ്രാൻസിസ് മാർപാപ്പ നമ്മോട് ഏറെ പ്രസക്തമായ പല ചോദ്യങ്ങളും ചോദിക്കുന്നുവെന്ന് പ്രശസ്ത സാഹിത്യകാരിയും പൊതുപ്രവർത്തകയുമായ സുഗതകുമാരി. ഭൂമിയുടെ നിലവിളിയും ദാരിദ്ര്യത്തിന്റെ വിളിയും നമ്മൾ കേൾക്കാതെ പോകുകയാണ്. സർവനാശത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ഭൂമിയെ നോക്കി നിങ്ങൾ ഇനി എന്തു ചെയ്യാൻ പോകുകയാണ് എന്ന് മാർപാപ്പ നമ്മോടു ചോദിക്കുന്നുവെന്ന് അവർ ചൂണ്ടിക്കാട്ടി. പാപ്പയും പുതുലോകക്രമവും എന്ന വിഷയത്തിൽ തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി സംഘടിപ്പിച്ച പൊതുപരിപാടിയിൽ സംസാരിക്കവേയാണ് സുഗതകുമാരി ഇക്കാര്യം പറഞ്ഞത്. ആർച്ചു ബിഷപ്പ് ഡോ. എം. സൂസപാക്യം, തുടങ്ങി വിവിധ രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകരും മതനേതാക്കളും പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു.

## ബിഷപ് മാക്കിൽ പുരസ്കാരം വരാപ്പുഴ അതിരൂപതയ്ക്ക്

കൊച്ചി : കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന അവാർഡുകൾ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ ഏറ്റവും മികച്ച മദ്യവിരുദ്ധ പ്രവർത്തനത്തിനുള്ള ബിഷപ് മാക്കിൽ അവാർഡ് വരാപ്പുഴ അതിരൂപത കരസ്ഥമാക്കി. രണ്ടാം സ്ഥാനത്തിനുള്ള മറിയാമ്മ ഐക്കര മെമ്മോറിയൽ പുരസ്കാരം മാനന്തവാടി രൂപതയും മൂന്നാം സ്ഥാനത്തിനുള്ള ഫാ. പോൾ

കാരാച്ചിറ പുരസ്കാരം താമരശ്ശേരി രൂപതയും നേടി. ഏറ്റവും മികച്ച മദ്യവിരുദ്ധ പ്രവർത്തകനുള്ള വ്യക്തിഗത പുരസ്കാരത്തിന് കോഴിക്കോട് രൂപതയിലെ ആന്റണി ജേക്കബ് ചാവറയെ തെരഞ്ഞെടുത്തു. 31 രൂപത കളാണ് മദ്യവിരുദ്ധ സമിതിയിൽ പ്രവർത്തിക്കുന്നത്.

സമിതി സംസ്ഥാന ചെയർമാൻ ബിഷപ് മാർ റെമജിയോസ് ഇഞ്ച നാനിയിൽ, ഫാ. ടി.ജെ ആന്റണി, അഡ്വ. ചാർളിപോൾ, ജെയിംസ് മുട്ടി ക്കൽ, സിസ്റ്റർ ആനീസ് തോട്ടപ്പിള്ളി എന്നിവരടങ്ങിയ ജഡ്ജിംഗ് കമ്മി റ്റിയാണ് അവാർഡ് നിർണ്ണയം നടത്തിയത്. ഡിസംബർ 12 ന് ശനിയാഴ്ച ആലപ്പുഴ ലിയോ തേർട്ടീൻത് ഹയർ സെക്കണ്ടറി സ്കൂളിൽ നടക്കുന്ന 17-ാം സംസ്ഥാന വാർഷിക സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യുമെന്ന് സംസ്ഥാന സെക്രട്ടറി അഡ്വ. ചാർളി പോൾ അറിയിച്ചു.